മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ


MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 10 | THE ONLINE OFFICIAL NEWS BULLETIN | 2021 March 06

SEASON OF GREAT LENT | **വലിയ നോമ്പുകാലം** | **ܥܕܢܐ ܕܨܘܡܐ ܪܒܐ**

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
7  ♪4 hadbšabo d Knaenaito (Canaanite woman) 4th Sunday of Great Lent	8 ♪8	9  ♪4 arb'in sohde sebastya Comme. of the 40 martyrs of Sebaste. 130th Mem. of Ambattu Geevarghese Mar Coorilose ✠ (Angamaly Cheria Palli)	10  ♪8 ✝pelge d sawmo rabo Mid-Lent Elevation of the Cross Comme. of King Abgar of Edessa	11 ♪4	12 ♪8	13 ♪4





പരുമല ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന പ. കാതോലിക്കാ ബാവാ ആരോഗ്യം പൂർണ്ണമായും വീണ്ടെടുക്കുന്നതിന് ഏവരും പ്രാർത്ഥിക്കുക.



വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഓർത്തഡോക്സ് പള്ളിയുടെ നേതൃത്വത്തിൽ വൃക്കരോഗ നിർണയ, പ്രതിരോധ കേന്ദ്രം സെന്റ് ബഹനാൻസ് ഷോപ്പിങ് കോംപ്ലക്സിൽ പ്രവർത്തനം അരംഭിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ച യോഗം മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി. ജെ കുര്യൻ ഉദ്ഘാടനം ചെയ്തു.

മുൻ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് അന്തരിച്ചു

ന്യൂഡൽഹി: മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാനും ഓർത്തഡോക്സ് സഭാ മുൻ അൽമായ ട്രസ്റ്റിയുമായ എം. ജി. ജോർജ് മുത്തൂറ്റ് അന്തരിച്ചു. 72 വയസ്സായിരുന്നു. വെള്ളിയാഴ്ച രാത്രി ഡൽഹിയിലെ വസതിയിൽവച്ചായിരുന്നു അന്ത്യം. ന്യൂഡൽഹിയിലെ സെന്റ് ജോർജ്സ് ഹൈസ്കൂൾ ഡയറക്ടർ സാറ ജോർജ് മുത്തൂറ്റാണ് ഭാര്യ. മുത്തൂറ്റ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് എം. ജോർജ്, ഗ്രൂപ്പ് ഡയറക്ടർ അലക്സാണ്ടർ ജോർജ്, പരേതനായ പോൾ മുത്തൂറ്റ് ജോർജ് എന്നിവരാണ് മക്കൾ.


പത്തനംതിട്ടയിലെ കോഴഞ്ചേരിയിൽ മുത്തൂറ്റ് ഫിനാൻസ് സ്ഥാപകനായ എം ജോർജ് മുത്തൂറ്റിന്റെ മകനായി 1949 നവംബർ രണ്ടിനാണ് എം.ജി.ജോർജ് മുത്തൂറ്റ് ജനിച്ചത്. മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിങ് ബിരുദം നേടി. 1979 ൽ കുടുംബ ബിസിനസായ മുത്തൂറ്റ് ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടറായി സ്ഥാനമേറ്റു. 1993-ൽ ഗ്രൂപ്പിന്റെ ചെയർമാനായി. സ്ഥാനമേൽക്കുമ്പോൾ കേരളം, ഡൽഹി, ചണ്ഡിഗഡ്, ഹരിയാന എന്നിവിടങ്ങളിലായി 31 ബ്രാഞ്ചുകൾ മാത്രമാണ് ഗ്രൂപ്പിനുണ്ടായിരുന്നത്. ഇന്ന് ഇന്ത്യയിലും വിദേശത്തുമായി 5,500 ലേറെ ബ്രാഞ്ചുകളിലായി ഇരുപതിലേറെ വൈവിധ്യമാർന്ന ബിസിനസ് വിഭാഗങ്ങൾ മുത്തൂറ്റ് ഗ്രൂപ്പിനുണ്ട്.

ഗ്രൂപ്പിനു കീഴിലെ പ്രമുഖ സ്ഥാപനമായ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ജോർജ് മൂത്തൂറ്റിനു കീഴിൽ രാജ്യത്തെ ഏറ്റവും വലിയ സ്വർണ വായ്പാ കമ്പനിയായി മാറിയിരുന്നു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (എഫ്ഐസിസിഐ ഫിക്കി) എക്സ്ക്യൂട്ടീവ് അംഗമായും ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാനായും പ്രവർത്തിച്ചു.

ഇന്ത്യൻ ധനികരുടെ ഫോബ്സ് പട്ടികയിൽ മലയാളികളിൽ ഒന്നാം സ്ഥാനത്ത് മുത്തൂറ്റ് ഫിനാൻസ് ചെയർമാൻ എം.ജി. ജോർജ് മുത്തൂറ്റും സഹോദരന്മാരും 2020-ൽ എത്തിയിരുന്നു. ഫോബ്സ് പട്ടികയിലെ 26-ാം സ്ഥാനത്തിലായിരുന്നു ഇവർ. 2011-ൽ എം.ജി.ജോർജ് മുത്തൂറ്റ് ഫോബ്സ് ഏഷ്യ പട്ടികയിൽ ഇന്ത്യയിലെ അൻപത് ധനികരിൽ ഉൾപ്പെട്ടിരുന്നു.

ആരാധനാ കലണ്ടർ

“കർത്താവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നണമേ! സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു; നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ.”



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

അനുഗ്രഹിക്കപ്പെട്ട ദൈവജനമെ,

അവന്റെ കൃപയാൽ രക്ഷാകരമായ വലിയനോമ്പിന്റെ നാലാം ആഴ്ചയിൽ നാം എത്തിയിരിക്കുന്നു. ഒപ്പം നോമ്പിന്റെ മദ്ധ്യത്തിൽ പ. സഭ എത്തിയിരിക്കുന്നുവെന്ന് ഓർമ്മിപ്പിച്ചുകൊണ്ടുള്ള പാതിബുധനാഴ്ചയും ഈ വാരത്തിന്റെ പ്രത്യേകതകളാണ്.

ക്രിസ്തുവിന്റെ മുന്നിൽ എത്തിപ്പെടുന്നവരുടെ ആരുടെയും അടുക്കൽ അവന്റെ ജാതിയോ മതമോ ചോദിക്കുന്ന അനുഭവങ്ങൾ സാധാരണ കണ്ടിട്ടില്ല. തികച്ചും ഒറ്റപ്പെട്ട സംഭവമാണ് വി. മത്തായി ശ്ലീഹായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിലെ കനാന്യസ്ത്രീയുടെ സംഭവം. വി. മർക്കോസിന്റെ സുവിശേഷം 7-ാം അദ്ധ്യായത്തിലും ഇതേ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ കൂടുതൽ ഉൾക്കാഴ്ചയോടെ വ്യാഖ്യാനിക്കപ്പെടേണ്ട ഒന്നാണ് ഈ വേദഭാഗം.

യഹൂദന്റെ പൊതുചിന്ത മശിഹാ യഹൂദന്റെ മാത്രം രക്ഷകൻ എന്നതാണ്. നിന്റെ ശിഷ്യന്മാർ ഉൾപ്പെടെ ഒരു യഹൂദ പടയുടെ മദ്ധ്യത്തിൽ താൻ നിൽക്കുമ്പോഴാണ് ഒരു കനാന്യ (യവന) സ്ത്രീ തന്റെ മുന്നിലേക്ക് കടന്നുവരുന്നത്. താൻ രക്ഷകനാണെന്ന പൂർണ്ണവിശ്വാസം, മറ്റൊരുവനിലും രക്ഷയില്ല; രക്ഷിക്കപ്പെടുവാൻ മറ്റൊരു നാമമില്ല എന്ന തിരിച്ചറിവും അവളിൽ ഉണ്ട് എന്ന് ക്രിസ്തു അറിയുന്നു. അവിടെ അവളിലൂടെ ചുറ്റും നിൽക്കുന്നവരെ പഠിപ്പിക്കുവാൻ അദ്ദേഹം തീരുമാനിക്കുകയും അവളെ ആയതിന് ഒരു ഉപാധിയാക്കുകയും ചെയ്യുന്നു.

‘രക്ഷ ഇസ്രായേലിനു മാത്രം’ എന്ന് വാശിപിടിക്കുന്ന മതസമൂഹത്തിന്റെ ചിന്തയാണ് ക്രിസ്തു തന്റെ സംവാദത്തിന്റെ ആരംഭത്തിൽ പറയുന്നത്: “യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയയ്ക്കപ്പെട്ടിട്ടില്ല.” കൂടിനിന്നവർക്ക് കർണ്ണാനന്ദം നൽകുന്ന വാക്കുകൾ. പുറജാതിക്കാരിയും ഒരുപക്ഷേ വിധവയുമായ ആ സ്ത്രീ മടുത്തുപോകാതെ വീണ്ടും കർത്താവിനോട് യാചിക്കുമ്പോൾ “മക്കളുടെ അപ്പം എടുത്തു നായ്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല” എന്ന മറുപടി വരുന്നു. യഥാസ്ഥിതിക യഹൂദന്റെ അടിസ്ഥാന ചിന്തയാണിത്. യഹൂദൻ യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജനം, സ്വന്തം മക്കൾ; മറ്റെല്ലാവരും അന്യരും പരദേശികളും അഥവാ നായ്ക്കളും എന്ന കാഴ്ചപ്പാട്. കർത്താവിന്റെ ഉത്തരം കേട്ട് ഹർഷപുളകിതരായി യഹൂദ പരീശന്മാർ നിൽക്കുമ്പോഴാണ് യഹൂദ മനസ്സിന്റെ മതതീവ്രതയെ മുഴുവൻ തച്ചുടയ്ക്കുവാൻ കയ്പുള്ള ആ വാക്കുകൾ ആ സ്ത്രീയിൽ നിന്നും വരുന്നത്: “അതേ, കർത്താവേ, നായ്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നും വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ?” ആരെയും അമ്പരപ്പിക്കുന്ന തീക്ഷ്ണവിശ്വാസവും ആശ്രയബോധവും കർത്താവ് അവളിൽ കാണുന്നു. ഈ വിശ്വാസത്തെ കർത്താവ് ശ്ലാഘിക്കുകയും ‘നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ’ എന്ന് കല്പിക്കുകയും ചെയ്യുമ്പോൾ കൂടിനിന്നവരുടെ മനസ്സുകളിലെ മതാന്ധത കൂടെയാണ് നീക്കപ്പെടുന്നത്. ക്രിസ്തു യഹൂദന്റെ മാത്രമല്ല; തന്നിൽ വിശ്വസിക്കുന്ന സർവ്വരുടെയും രക്ഷകനാണ് എന്ന തിരിച്ചറിവ് അവരിൽ ഉണ്ടാകുന്നു.

പ്രഭാത വായനയിലെ (വി. ലൂക്കോസ് 7:1-10) ശതാധിപനും യഹൂദേതര വിശ്വാസസമൂഹത്തിന്റെ പ്രതിനിധിയാണ്. ചുരുക്കത്തിൽ ക്രിസ്തുവിലുള്ള രക്ഷ സാർവ്വത്രികമാണ് എന്ന് നോമ്പിന്റെ മദ്ധ്യത്തിൽ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്ന ഏറെ പ്രാധാന്യമുള്ള സംഭവങ്ങളാണ് ഇവിടെ നാം ധ്യാനിക്കുന്നത്. ഈ ദിവസത്തെ പഴയനിയമ ഭാഗങ്ങൾ ധ്യാനിക്കുന്നവർക്ക് ഒരു കാര്യം ബോധ്യപ്പെടും: ജന്മം കൊണ്ടല്ല; കർമ്മം കൊണ്ടാണ് ഒരുവൻ യഥാർത്ഥ വിശ്വാസിയാകുന്നത്. ന്യായപ്രമാണത്തിന്റെ ആക്ഷരീക ആചരണമല്ല; ആത്മാവിൽ ന്യായപ്രമാണം പാലിക്കുന്നവൻ രക്ഷയ്ക്ക് യോഗ്യനെന്ന് യെശയ്യാ പ്രവാചകൻ ഇസ്രായേലിനെ ഓർമ്മിപ്പിക്കുന്നുണ്ട്: ശബ്ബത്തിനെ അശുദ്ധമാക്കാതെ സൂക്ഷിക്കുന്ന ഏവനും ഭാഗ്യവാൻ എന്നും യഹോവയോടു ചേരുന്ന അന്യജാതിക്കാരൻ രക്ഷയ്ക്ക് അവകാശിയെന്നും അവർക്ക് എന്റെ ആലയത്തിലും മതിലകങ്ങളിലും പുത്രീപുത്രന്മാരേക്കാൾ വിശേഷമായ സ്ഥാനവും നാമവും ഉണ്ട് എന്നും അവിടെ നാം വായിക്കുന്നു (യെശയ്യാ 56:2-5). യഹൂദൻ തന്റെ മതാന്ധതകൊണ്ട് ബോധപൂർവ്വം മറന്നുപോയ ഈ തത്വമാണ് കനാന്യസ്ത്രീയുടെയും ശതാധിപന്റെയും സംഭവങ്ങളിലൂടെ കർത്താവ് അവരെ വീണ്ടും പഠിപ്പിക്കുന്നത്! അതിനാൽ വി. നോമ്പിന്റെ മർമ്മപ്രധാനമായ ദിവസങ്ങളിലേക്ക് നാം എത്തുമ്പോൾ നമ്മിലേയും മതാന്ധത പൂർണ്ണമായും നീക്കപ്പെടുകയും ക്രിസ്തുവിലേക്ക് വരുന്നവരെ നിഷേധിക്കാതെ അവരെ സ്വീകരിക്കുകയും ചേർത്തുപിടിക്കുകയും ചെയ്യുന്ന മനോഭാവം നമ്മിൽ വളരുവാൻ ഇടയാകണം; ഇല്ലെങ്കിൽ നോമ്പും നമസ്കാരവും യഹൂദന്റെ ആചരണങ്ങളേക്കാൾ അർത്ഥശൂന്യവും രക്ഷയ്ക്കു പകരം ശാപവും ദോഷവും ആയിത്തീരും.

പാതിനോമ്പിന്റെ ബുധനാഴ്ച:

നോമ്പിന്റെ തീവ്രതയിൽ പാളയമദ്ധ്യത്തിലേക്ക് കർത്താവിന്റെ വിജയ സ്ലീബാ ഇറങ്ങിവരുന്ന അനുഭവം. വിഷസർപ്പ ദംസനത്താൽ ഇസ്രായേൽ ജനത വലഞ്ഞപ്പോൾ (സംഖ്യാ പുസ്തകം 21-ാം അദ്ധ്യായം) യഹോവ മോശയോട് കല്പിക്കുന്ന ജ്ഞാപകമാണ് പാളയമദ്ധ്യത്തിലെ കൊടിമരത്തിൽ നാട്ടപ്പെടുന്ന പിത്തളസർപ്പം. അതിലേക്ക് നോക്കുന്നവർ വിഷദംസനത്തിൽ നിന്നും രക്ഷപ്പെടും.

ഏദനിൽ വച്ച് കൗശലക്കാരനായ സർപ്പം സ്ത്രീയ്ക്കു കാണിച്ചുകൊടുത്ത വൃക്ഷഫലം എന്ന മരണകരമായ വിഷത്തിൽ നിന്നുള്ള മോചനം മരത്തിൽ തൂക്കപ്പെടുന്ന യഥാർത്ഥ വൃക്ഷഫലമായ ക്രിസ്തുവിൽ മാത്രമാണെന്ന് പഴയനിയമത്തിൽ ഉടനീളം നാം നിഴലായി കാണുന്നുണ്ട്. അബ്രഹാമിന് വൃക്ഷം ഒരു ഫലം നൽകുന്നു: യാഗത്തിനുള്ള കുഞ്ഞാട്. ഇവിടെ മോശയ്ക്കും അവനിലൂടെ ഇസ്രായേലിനും യഹോവ ജീവവൃക്ഷവും അതിന്റെ ഫലവുമാകുന്ന ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നു. നമ്മിലെ പൈശാചിക ശക്തികളെ തോല്പിക്കുവാനുള്ള പോരാട്ടമദ്ധ്യത്തിൽ സ്വർഗ്ഗം ചായിച്ച്, അഥവാ വി. ത്രോണോസിൽനിന്നും, ക്രിസ്തുവിലുള്ള നിത്യരക്ഷയുടെ പ്രതീകമായ ദൈവപുത്രന്റെ രക്ഷാകരമായ വന്ദ്യ സ്ലീബാ ദേവാലയമദ്ധ്യത്തിലേക്ക് ഇറങ്ങിവരുന്നു. ഇനിയും അതിലേക്ക് നോക്കി അതിന്റെ പാർശ്വങ്ങളിൽ അഭയം പ്രാപിച്ചുകൊണ്ടാണ് നമ്മുടെ പ്രയാണം എന്ന് ഓർക്കണം.

പാതിബുധനാഴ്ച അബ്ഗാർ രാജാവിന്റെ ഓർമ്മപ്പെരുന്നാളായി പൗരസ്ത്യ ഓർത്തഡോക്സ് സഭ ആഘോഷിക്കുന്നു. രക്ഷ ക്രിസ്തുവിലാണെന്ന് മനസ്സിലാക്കി ക്രിസ്തുവിനെ തന്റെ രാജ്യത്തിലേക്ക് (പേർഷ്യൻ രാജ്യവും അതിന്റെ അന്നത്തെ തലസ്ഥാനമായ ഉറഹാ അഥവാ എഡേസ്സ) ക്ഷണിച്ച മഹാനായ രാജാവായിരുന്നു അബ്ഗാർ. അദ്ദേഹം ക്രിസ്തുവിന് കത്ത് അയച്ചുവെന്നും എന്നാൽ തന്റെ രക്ഷാദൗത്യം തനിക്ക് യെരുശലേമിൽ നിർവ്വഹിക്കേണ്ടതിനാൽ അതിനുശേഷം തന്റെ ശിഷ്യരെ അയച്ചുകൊള്ളാം എന്ന് കർത്താവ് മറുപടി എഴുതിയെന്നും നാലാം നൂറ്റാണ്ടിലെ വിഖ്യാത സഭാചരിത്രകാരനായ വി. യൂസേബിയോസ് രേഖപ്പെടുത്തിയിരിക്കുന്നു. വി. പെന്തിക്കോസ്തി പെരുന്നാളിന് ശേഷം ഈ ദൗത്യം സ്വീകരിച്ച വി. തോമ്മാശ്ലീഹാ ആദ്യം സുവിശേഷം അറിയിച്ച് പ. സഭ സ്ഥാപിച്ചത് പേർഷ്യൻ സാമ്രാജ്യത്തിലാണെന്നും അദ്ദേഹം വീണ്ടും കിഴക്കോട്ട് സഞ്ചരിച്ച് അനേകം മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ എത്തി സുവിശേഷം അറിയിച്ചുവെന്നും ഒടുവിൽ ദക്ഷിണഭാരതത്തിൽ എത്തി പ. മലങ്കര സഭയ്ക്ക് അടിസ്ഥാനമിട്ട് വളർത്തി തന്റെ രക്തസാക്ഷിത്വം നിർവ്വഹിച്ചുവെന്നും അഭിമാനമുള്ള സഭാമക്കൾ ഓർക്കേണ്ട ഒരു സുദിനമാണ് വി. പാതിബുധനാഴ്ച. നോമ്പ് ക്രമത്തിനിടയിലും ഈ ദിവസം പെരുന്നാൾ ക്രമത്തിൽ വി. കുർബാന അർപ്പിക്കുവാൻ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അനുസ്മരണം

ജോർജ് മുത്തൂറ്റ് എന്ന കരുത്ത്

യൂഹാനോൻ മാർ മിലിത്തിയോസ്

മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് നികത്താനാകാത്ത വിടവാണ് സഭയുടെ മുൻ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റിന്റെ ദേഹവിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. ഇതോടൊപ്പം ഭാരതത്തിലെ വ്യവസായ മേഖലയ്ക്കും തീരാനഷ്ടം തന്നെയാണ് അദ്ദേഹത്തിന്റെ വിയോഗം. അപ്രതീക്ഷമായി അറിഞ്ഞ വിയോഗ വാർത്ത മലങ്കര ഓർത്തഡോക്സ് സഭയെയും അതിലുപരി ഭാരതത്തിലെ വ്യവസായികളെയും ഞെട്ടിപ്പിച്ചു. ഇതു വിശ്വസിക്കാൻ പോലും സാധിക്കുന്നില്ല.

സഭയുടെ അൽമായ ട്രസ്റ്റിയായി അദ്ദേഹം രണ്ടു തവണ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആ പത്തു വർഷങ്ങൾ സഭയുടെ സുവർണ കാലഘട്ടമായിരുന്നു. സഭയുടെ യോജിപ്പിന്റെ സുപ്രധാന നാളുകളെന്ന് അറിയപ്പെടുന്ന 2012-ലെ മലങ്കര അസോസിയേഷനിൽ മഹാ ഭൂരിപക്ഷം വോട്ടുകൾ നേടിയാണ് വിജയിച്ചത്. യോജിപ്പിന് എറ്റവും നല്ല വക്താവ് എന്ന നിലയിലാണ് സഭാംഗങ്ങൾ അദ്ദേഹത്തെ തെരഞ്ഞെടുത്തത്.



രണ്ടു തവണ അദ്ദേഹം സഭയുടെ അൽമായ ട്രസ്റ്റിയായപ്പോഴും ലോകത്തെവിടെയുമുള്ള സഭയുടെ ഭദ്രാസനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നേടുകയും ആവശ്യക്കാർക്ക് എല്ലാവിധ സഹായങ്ങളും നൽകാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും ചെയ്തിരുന്നു. ഇക്കാരണം കൊണ്ടു തന്നെയാണ് സഭ ഒന്നടങ്കം അദേഹത്തിന്റെ വേർപാടിൽ ഇത്രയധികം ദഖിക്കുന്നത്.

സഭയുടെ സ്കൂൾ മാനെജർ എന്ന നിലയിൽ എനിക്ക് ഏറെ ചാരിതാർഥ്യജനകമായിരുന്നു സഭയുടെ സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് അദ്ദേഹം അഹോരാത്രം നടത്തിയ പ്രയത്നം. സഭയുടെ ഭാവിയെക്കുറിച്ച് ഏറെ കരുതലുള്ള വ്യക്തിയായിരുന്നു. അത് നേടിയെടുക്കുന്നതിന് ഏറെ കഠിനാധ്വാനവും നടത്തിയിരുന്നു.

പരുമല സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ഇന്നു കാണുന്ന വികസനങ്ങൾക്ക് പിന്നിലെ എം.ജി. ജോർജിന്റെ പ്രവർത്തനങ്ങളും സഹായവും സഭയ്ക്ക് ഒരിക്കലും മറക്കാനാകില്ല. 2012 മുതൽ 2017 വരെയാണ് രണ്ടാം തവണ ട്രസ്റ്റിയായി പ്രവർത്തിച്ചത്. അദ്ദേഹം സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനത്തിനും സഹായത്തിനും നന്ദി അർപ്പിക്കുന്നതിനോടൊപ്പം അദ്ദേഹത്തിന്റെ വിടവാങ്ങലിൽ കുടുംബത്തോടുള്ള അനുശോചനവും സഭയ്ക്കുവേണ്ടി അർപ്പിക്കുന്നു. ❑

എം. ജി. ജോർജ്: മുത്തൂറ്റിനെ വളർത്തിയ ദീർഘദർശി, സാമ്പത്തിക രംഗത്തെ ശക്തമായ സാന്നിധ്യം

വിടവാങ്ങിയത് സാമ്പത്തികരംഗത്തെ ശക്തമായ സാന്നിധ്യം

ന്യൂഡൽഹിന്മ ദക്ഷിണേന്ത്യയിൽ നിന്നു മുത്തൂറ്റ് ഗ്രൂപ്പ്, ഇന്ത്യയുടെ നാലതിരുകളിലേക്കു പടർന്നതും വളർന്നതും എം.ജി. ജോർജ് മുത്തൂറ്റ് എന്ന അതികായന്റെ തണലിലായിരുന്നു. ആദ്യം ഉത്തരേന്ത്യയിലും പിന്നീടു രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും മുത്തൂറ്റിനു ശാഖകൾ സജ്ജമാക്കിയ അദ്ദേഹം യുഎസ്എ, യുഎഇ, സെൻട്രൽ അമേരിക്ക, ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിലേക്കും ബിസിനസ് വളർത്തി.

പത്തനംതിട്ട കോഴഞ്ചേരിയിൽ മുത്തൂറ്റ് ഫിനാൻസ് സ്ഥാപകനായ എം.ജോർജ് മുത്തൂറ്റിന്റെ മകനായി 1949 നവംബർ രണ്ടിനാണ് എം.ജി.ജോർജ് മുത്തൂറ്റ് ജനിച്ചത്. മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നു മെക്കാനിക്കൽ എൻജിനീയറിങ് ബിരുദം നേടി.

ഹാർവഡ് ബിസിനസ് സ്കൂളിൽ നിന്ന് എക്സിക്യൂട്ടീവ് മാനേജ്മെന്റ് കോഴ്സ് പഠിച്ച ശേഷം, ചെറുപ്പത്തിൽ തന്നെ കുടുംബ ബിസിനസിൽ പങ്കാളിയായി. 1979-ൽ മുത്തൂറ്റിന്റെ മാനേജിങ് ഡയറക്ടറായ അദ്ദേഹം 1993ലാണ് ഗ്രൂപ്പ് ചെയർമാനാകുന്നത്.

ഇന്ത്യൻ ധനികരുടെ ഫോബ്സ് പട്ടികയിൽ മലയാളികളിൽ ഒന്നാം സ്ഥാനത്ത് എം.ജി. ജോർജ് മുത്തൂറ്റും സഹോദരന്മാരും 2020 ൽ എത്തിയിരുന്നു. 35,500 കോടി രൂപയായിരുന്നു സംയുക്ത ആസ്തി. ഇന്ത്യയിലെ ധനികരിൽ 26-ാം സ്ഥാനം.




വ്യവസായ പ്രമുഖർക്കുള്ള ഓൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷന്റെ (എഐഎംഎ) അവാർഡ്, ബ്രിട്ടിഷ് പാർലമെന്റിന്റെ ഏഷ്യൻ ബിസിനസ്മാൻ ഓഫ് ദി ഇയർ തുടങ്ങിയവ നേടി.

ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ (ഫിക്കി) കേരള സംസ്ഥാന കൗൺസിൽ ചെയർമാനും ദേശീയ നിർവാഹക സമിതി അംഗവുമാണ്.

അനുശോചിച്ചു

മലങ്കരസഭയുടെ മുൻ അൽമായ ട്രസ്റ്റിയും, മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാനുമായ എം. ജി. ജോർജ് മുത്തൂറ്റിന്റെ നിര്യാണത്തിൽ സഭയുടെ മാധ്യമ വിഭാഗം അദ്ധ്യക്ഷൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അനുശോചിച്ചു. **അനുശോചന സന്ദേശം കേൾക്കുവാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.**



ജോയൻ കുമരകം അന്തരിച്ചു

കോട്ടയം: എഴുത്തുകാരനും വാഗ്മിയും സാമൂഹിക പ്രവർത്തകനുമായ ജോയൻ കുമരകം (ജേക്കബ് മാത്യു, 84) യുഎസിലെ കലിഫോർണിയയിൽ അന്തരിച്ചു. കുമരകം പൊതുവിക്കാട്ട് കുടുംബാംഗമാണ്. എഴുത്തുകാരനും നടനുമായ തമ്പി ആന്റണിയുടെ ഉടമസ്ഥതയിലുള്ള നഴ്സിങ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. സംസ്കാരം പിന്നീട്.

കുമരകം പൊതുവിക്കാട് പി.എം.മാത്യുവിന്റെയും കാനം പറപ്പള്ളിത്താഴത്ത് അന്നമ്മ മാത്യുവിന്റെ അഞ്ചു മക്കളിൽ രണ്ടാമനായി ജനിച്ച ജോയൻ കുമരകം ബാലസാഹിത്യത്തിലാണു ശ്രദ്ധ കേന്ദ്രീകരിച്ചത്. ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കര സഭയിൽ 'കുഞ്ഞിച്ചായന്റെ കത്തുകൾ' എന്ന പംക്തി 25 വർഷത്തോളം കൈകാര്യം ചെയ്തു. മലയാള മനോരമയിൽ പരിശീലനം നേടിയ ശേഷം വിവിധ പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിച്ചു. MGOCSM മീറ്റിംഗുകളിൽ സ്ഥിരസാന്നിധ്യം ആയിരുന്നു.

എഴുത്തിൽ കുട്ടി മനസ്സ്; പ്രസംഗത്തിൽ പ്രതിഭ

കോട്ടയം: കുട്ടികളുടെ മനസ്സിനൊപ്പം സഞ്ചരിക്കുകയായിരുന്നു ജോയൻ കുമരകം. എഴുതിയതിൽ ഏറെയും കുട്ടികൾക്കു വേണ്ടിത്തന്നെ. ശതാഭിഷേക നിറവിൽ നിൽക്കുമ്പോഴാണ് അദ്ദേഹം യാത്രയാകുന്നത്. എഴുതിത്തുടങ്ങിയപ്പോൾ ജേക്കബ് മാത്യു എന്ന തന്റെ പേരിനു പകരം ജോയൻ എന്ന വിളിപ്പേര് തൂലികാ നാമമായി സ്വീകരിച്ചു.

17ാം വയസ്സിൽ എഴുതിയ പുതുവത്സര അപ്പൂപ്പന്റെ പൂക്കൂട എന്ന കഥാസമാഹാരത്തിനു സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പുരസ്കാരം ലഭിച്ചു. അൻപതോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

സ്വപ്നം കാണുന്ന സോമൻ, വയലിലെ ലില്ലി, ചാച്ചായുടെ പൂന്തോട്ടം, കൊച്ചു കൊച്ചു സഞ്ചാരി തുടങ്ങിയവയാണു പ്രധാന കൃതികൾ.

പ്രസംഗിക്കാനുള്ള ജോയന്റെ കഴിവ് അപാരമാണെന്ന് അദ്ദേഹത്തിന്റെ സുഹൃത്ത് ഫാ.ഡോ.കെ.എം. ജോർജ് ഓർമിക്കുന്നു. സുകുമാർ അഴീക്കോടിനെ ഏറെ ഇഷ്ടപ്പെട്ടിരുന്ന ജോയൻ എവിടെ അഴീക്കോടിന്റെ പ്രസംഗമുണ്ടെങ്കിലും കേൾക്കാൻ പോകുമായിരുന്നു. ആ പ്രസംഗശൈലി അനുകരിക്കുന്നതും അദ്ദേഹത്തിന്റെ വിനോദമായിരുന്നു. മാരാമൺ കൺവൻഷനിൽ ഉൾപ്പെടെ പ്രസംഗിച്ചിട്ടുണ്ട്. പഠന കാലത്ത് അഖില ബാലജനസഖ്യത്തിന്റെ പ്രസംഗ മത്സരത്തിൽ സമ്മാനം നേടിയിട്ടുണ്ട്.

ജോയനെ ഏറ്റവും ആകർഷിച്ചതു രവീന്ദ്രനാഥ ടഗോറിന്റെ ഗീതാഞ്ജലിയാണ്. കുട്ടികളുടെ പരുമല തിരുമേനി, ചാച്ചായുടെ പൂന്തോട്ടം തുടങ്ങിയ കൃതികളിലൂടെ മഹാന്മാരുടെ ജീവിത കഥ കുട്ടികൾക്കു പകർന്നു നൽകാനും അദ്ദേഹം ശ്രമിച്ചു.

മദ്യവിരുദ്ധ സംഘടനകളിലും പുനരധിവാസ കേന്ദ്രങ്ങളിലും അദ്ദേഹം തന്റേതായ സംഭാവനകൾ നൽകി. 1980 ൽ യുഎസിൽ എത്തിയ അദ്ദേഹം അമേരിക്കൻ മലയാളികളുടെ ഇടയിലും ഏറെ പ്രശസ്തനായിരുന്നു. ജോബോട്ട് ഇന്റർനാഷനൽ എന്ന പേരിൽ പുസ്തക പ്രസാധന കമ്പനി യുഎസിൽ നടത്തിയിരുന്നു.

കഴിഞ്ഞ വർഷം ഫെബ്രുവരിയിലാണ് ജോയൻ അവസാനമായി നാട്ടിലെത്തിയത്. കോവിഡ് പ്രശ്നങ്ങൾ രൂക്ഷമാകും മുൻപു യുഎസിലേക്ക് മടങ്ങി. ഈ ഫെബ്രുവരി 4-നാണ് 84 വയസ്സ് പൂർത്തിയായത്. യുഎസിലെ സുഹൃത്തുക്കൾ ഓൺലൈൻ വഴി അദ്ദേഹത്തിന്റെ ശതാഭിഷേകം ആഘോഷിച്ചിരുന്നു.

'സ്നേഹ കുബേരൻ' യാത്രയായി...

ഡോ. സിബി തരകൻ

കഥാകൃത്തും പ്രഭാഷകനും മദ്യവർജന പ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയുമായിരുന്ന ജോയൻ കുമരകം അന്തരിച്ചു. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സഹാനുഭൂതിയുടെയും പര്യായമായിരുന്ന ജോയൻ കുമരകം എനിക്ക് ജ്യേഷ്ഠസഹോദരനെപ്പോലെയായിരുന്നു.

അദ്ദേഹത്തെ ആദ്യമായി കാണുന്നത് അക്ഷരങ്ങൾ കൂട്ടിവായിക്കാൻ പഠിച്ച ബാല്യത്തിലാണ്. പിതാവിന്റെ സ്നേഹിതനായിരുന്ന ഒരാൾ കുറെ കഥ പുസ്തകങ്ങളുമായി പള്ളത്തെ പഴയ വീട്ടിൽ ഒരു സന്ധ്യക്ക് വന്നത് ഓർക്കുന്നു.

അദ്ദേഹം കയ്യിലിരുന്ന സഞ്ചിയിൽനിന്നു ഏതാനും പുസ്തകങ്ങൾ എടുത്തു എന്റെ നേരെ നീട്ടി. അദ്ദേഹത്തിന്റെ വിടർന്ന കണ്ണുകളും മീശയും എന്നെ ഭയപ്പെടുത്തി. അടുക്കാൻ ഭയന്നുനിന്ന എന്റെ കയ്യിലേക്ക് പിതാവ് ആ പുസ്തകങ്ങൾ വച്ചുതന്നു. അതിൽ ചാച്ചാ നെഹ്റുവിന്റെ ചിത്രമുണ്ടായിരുന്ന ഒരു പുസ്തകവും വയലിൽ പൂക്കൂടയുമായി നിൽക്കുന്ന ഒരു പെൺകുട്ടിയുടെ ചിത്രമുള്ള മറ്റൊരു പുസ്തകവും ഞാൻ എടുത്തു.

'ചാച്ചായുടെ പൂന്തോട്ടം' , 'വയലിലെ ലില്ലി' എന്നീ കഥാ സമാഹാരങ്ങളായിരുന്നു അവ. അതായിരുന്നു എന്റെ ആദ്യത്തെ 'ജോയൻ അനുഭവം'.

ബാല്യത്തിൽ വായിച്ച ആദ്യ കഥകളും ആ പുസ്തകത്തിലേതായിരിക്കണം. പിന്നീട് പിതാവിന്റെ പുസ്തക അലമാരയിൽനിന്നു കണ്ടെടുത്ത 'കുങ്കുമപ്പൂക്കൾ' എന്ന കഥാ സമാഹാരവും വായിച്ചു. കുങ്കുമപ്പൂക്കളിലെ ഒരു കഥ വളരെ ഹൃദയ സ്പർശിയായിരുന്നു. അമ്മയെ നഷ്ടപ്പെട്ട ഒരു കുട്ടി 'സ്വർഗ്ഗത്തിലെ അപ്പച്ചന്' കത്തെഴുതുന്നു. കത്തിൽ 'സ്വർഗ്ഗത്തിലെ അപ്പച്ചന് എന്ന് മേൽവിലാസം എഴുതി പോസ്റ്റ്ബോക്സിൽ ഇട്ട് പ്രതീക്ഷയോടെ കാത്തിരിക്കുന്ന കുട്ടിക്ക് കുറെ ദിവസങ്ങൾ കഴിയുമ്പോൾ സ്വർഗ്ഗത്തിലെ അപ്പച്ചന്റെ മറുപടി ലഭിക്കുന്നു.

സ്നേഹപൂർണമായ ആ മറുപടി കുട്ടിയെ ഏറെ സന്തോഷിപ്പിച്ചു. അവന്റെ കൊച്ചുകൊച്ചു സന്തോഷങ്ങളും സങ്കടങ്ങളും അവൻ തുടർന്ന് എഴുതി അയച്ചുകൊണ്ടിരിക്കുന്നു. ലഭിക്കുന്ന മറുപടികൾ അവനു ജീവിതത്തിൽ കൂടുതൽ പ്രത്യാശ നൽകിക്കൊണ്ടിരുന്നു. സ്വർഗ്ഗത്തിലെ അപ്പച്ചന്റെ പേരിൽ കുട്ടിക്ക് മറുപടി എഴുതിയിരുന്നത് ആ കത്തുകൾ വായിക്കാനിടയായ പോസ്റ്റ് മാസ്റ്റർ ആയിരുന്നു.

ഈ കഥ വായിച്ച് ഞാൻ കരഞ്ഞു. ദശാബ്ദങ്ങൾക്ക് മുൻപ് വായിച്ച കഥയാണെങ്കിലും ഇപ്പോഴും ആ ഓർമ്മകൾ എന്റെ കണ്ണുകളെ ഈറൻ അണിയിക്കാറുണ്ട്!

രണ്ടാമത് അദ്ദേഹത്തെ കാണുന്നത് കുറേകൂടി മുതിർന്നപ്പോഴാണ്. ഒരു ഞായറാഴ്ച്ച കുടുംബ യോഗത്തിന്റെ പ്രാർത്ഥനാ മീറ്റിങ്ങിൽ പങ്കെടുക്കാൻ ബന്ധുക്കളോടൊപ്പം കുറിച്ചി പുത്തൻ പള്ളിയുടെ സമീപത്തുകൂടി പോകുമ്പോൾ അവിടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ വാർഷിക സമ്മേളനത്തിൽ ജോയൻ സാർ പ്രസംഗിക്കുന്നു. എല്ലാവരും അത് കേൾക്കാൻ അവിടെ നിന്നു.

അധ്യക്ഷൻ ഫാ. ടി. ജെ. ജോഷ്വാ. അച്ചന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള വർണന കഴിഞ്ഞു 'മ പ്രസിദ്ധീകരണങ്ങ'ളെ നിശിതമായി വിമർശിച്ചുകൊണ്ട് അദ്ദേഹം പ്രസംഗം തുടർന്നു.

കടകളിൽ തൂങ്ങിക്കിടക്കുന്ന 'മ പ്രസിദ്ധീകരണങ്ങൾ' കാണുമ്പോൾ ഇറച്ചി ക്കടയിൽ തൂങ്ങിനില്ക്കുന്ന ചോര ഇറ്റുവീഴുന്ന കാളയുടെയും പോത്തിന്റെയും കാലുകളാണ് ഓർമ്മവരുന്നതെന്നു പറഞ്ഞപ്പോൾ ജനം കയ്യടിച്ചത് ഓർക്കുന്നു.

ആ വിമർശനം കേട്ടതുകൊണ്ടാകാം 'മ പ്രസിദ്ധീകരണങ്ങൾ' വായിക്കുന്ന തിനോ അവയുടെ ആധുനികകാല പരിണാമമായ ടെലിവിഷൻ സീരിയലുകൾ കാണുന്നതിനോ ഇക്കാലംവരെയും താൽപ്പര്യം ഇല്ലാതെ പോയതു.

ജോയൻ സാറുമായി കൂടുതൽ അടുത്തത് ഗവേഷണപഠന കാലത്താണ്. 1980-ൽ അദ്ദേഹം അമേരിക്കയിലേക്ക് പോയെങ്കിലും ഇടയ്ക്കിടെ നാട്ടിലേക്ക് വരുമായിരുന്നു. കോട്ടയത്ത് കലക്ടറേറ്റിനു പിന്നിലുള്ള ലോഡ്ജിലും കഞ്ഞി ക്കുഴിയിലെ ലോഡ്ജിലും അദ്ദേഹത്തെ പോയിക്കണ്ടത് ഓർക്കുന്നു. പല അപൂ ർവ ഗ്രന്ഥങ്ങളും വായിക്കാൻ തന്ന് സഹായിച്ചു. ഓരോ സന്ദർശനവും സാഹിത്യ-ചരിത്ര സംബന്ധമായ പുതിയ ഉൾക്കാഴ്ചകൾ നൽകാൻ പര്യാപ്ത മായിരുന്നു. ഇൻഡ്യാ ചരിത്രത്തിലും കേരള ചരിത്രത്തിലും വിപുലമായ വായന ഉണ്ടായിരുന്ന അദ്ദേഹവുമായുള്ള സംഭാഷണങ്ങൾ വിജ്ഞാനപ്രദവും കൗതു കകരവുമായിരുന്നു.

വിവിധ സഭാ നേതാക്കൻമാരുമായുള്ള അദ്ദേഹത്തിന്റെ അടുപ്പത്തെക്കു റിച്ചും സഭാചരിത്രത്തിലെ പല നിർണായക സംഭവങ്ങളെപറ്റിയുമൊക്കെ അത്തരം സംഭാഷണങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചു.

മലങ്കരസഭാ മാസികയിൽ സബ് എഡിറ്ററായി പ്രവർത്തിക്കുമ്പോൾ ദേവലോ കത്തുവച്ചു അദ്ദേഹത്തെ ഇടയ്ക്കിടെ കാണുമായിരുന്നു. ഒരിക്കൽ മാസികയുടെ മാനേജരായിരുന്ന ദിവംഗതനായ ടി.ജെ.സഖറിയ അച്ചന്റെ സാന്നിധ്യത്തിൽ അദ്ദേഹവുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ് 'കുഞ്ഞിച്ചായന്റെ കത്തു കൾ' മലങ്കരസഭയിൽ എഴുതിതുടങ്ങിയിട്ടു 25 വർഷമായി എന്ന് അറിയാൻ സാധിച്ചത്. അത് 1992-94 കാലത്തായിയിരുന്നു. മാസികയുടെ പത്രാധിപ രായിരുന്ന ഫാ. ഡോ. ജേക്കബ് കുര്യൻ, ജോയൻ കുമരകത്തിന്റെ സംഭാവന കൾ വിശദമാക്കുന്ന ഒരു പത്രാധിപക്കുറിപ്പുതന്നെ മലങ്കരസഭയിൽ എഴുതി.

അന്ന് ജനീവയിലെ ബൊസ്സേ എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറായി ജോലി ചെയ്തിരുന്ന ഫാ. ഡോ. കെ. എം. ജോർജ് അദ്ദേഹ ത്തിന്റെ സാഹിത്യ പ്രവർത്തനങ്ങൾ അപഗ്രഥിച്ചുകൊണ്ട് മനോഹരമായ ഒരു ലേഖനം എഴുതിയതും ഓർക്കുന്നു.

ബാല്യത്തിൽ കണ്ട ജോയൻ കുമരകം എന്നെ അൽപ്പം ഭയപ്പെടുത്തിയെ ങ്കിലും വളർന്നപ്പോൾ അദ്ദേഹം എന്നെ ചിരിപ്പിച്ചുകൊണ്ടിരുന്നു. സംഭാഷ ണങ്ങൾക്കിടയിൽ 'ഉരുളയ്ക്ക് ഉപ്പേരി' എന്ന മട്ടിലുള്ള അദ്ദേഹത്തിന്റെ പ്രതി കരണങ്ങൾ രസാവഹമായിരുന്നു.

എക്യൂമെനിക്കൽ രംഗത്ത് സഭയുടെ പ്രധിനിധിയായി പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും പങ്കെടുക്കാറുണ്ടായിരുന്ന ഒരു ബഹുമാന്യ വൈദികനെ ക്കുറിച്ചു മറ്റൊരു വൈദികൻ അദ്ദേഹത്തോട് പരാതി പറഞ്ഞു. മറ്റാളുകൾക്കു എന്തുകൊണ്ട് അവസരം കൊടുക്കുന്നില്ല എന്നായിരുന്നു പരാതിയുടെ താൽ പര്യം.

ജോയൻ സാറിന്റെ മറുപടികേട്ടവരൊക്കെ പൊട്ടിചിരിച്ചുപോയി. 'ഒളിമ്പിക്സ് മത്സരത്തിൽ പി. ടി. ഉഷയ്ക്കുപകരം അമ്മിണിച്ചേടത്തിയോ അന്നാമ്മച്ചേട ത്തിയോ ഓടിയിട്ട് എന്തു കാര്യം' എന്നാണ് അദ്ദേഹം ചോദിച്ചത്.

യുവത്വത്തിൽ ഒരു മദ്യപാനിയായിരുന്ന ജോയൻ കുമരകം പിന്നീട് മദ്യ പാനം ഉപേക്ഷിച്ചു എന്നുമാത്രമല്ല പി.സി.ജോർജ് സാർ, ഡോ. സിസ്റ്റർ ജൊവാൻ ചുങ്കപ്പുര, റവ. ഇ. ജെ. ജോർജ്, റവ. തോമസ് പി. ജോർജ് തുടങ്ങി യവരോടൊപ്പം മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയായി മാറി.

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആൽക്കഹോളിക്സ് അനോണിമസ് (A.A) കൂട്ടായ്മകളിൽ അദ്ദേഹത്തിന്റെ അനുഭവ സാക്ഷ്യങ്ങൾ ഒട്ടനവധിയാളു കൾക്ക് പ്രചോദനമായി.

ജോയൻ കുമരകത്തിന്റെ അടുത്ത സുഹൃത്തായ മുതിർന്ന പത്രപ്രവർത്ത കൻ കുഞ്ഞുമോൻ റ്റി. ഓമല്ലൂർ അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'സ്നേഹ കുബേ



രൻ' എന്നാണ്. അദ്ദേഹം എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിച്ചു. ആത്മാർഥമായ സൗഹൃദമായിരുന്നു അദ്ദേഹത്തിന്റെ ധനം. അദ്ദേഹത്തെ പ്പോലെയൊരു 'സ്നേഹ കുബേരൻ' ഇനി ഉണ്ടാകുമോ?

ലളിതമായ ഭാഷയെ നർമ്മത്തിൽ ചാലിച്ച രചനകളുടെ ഉടമ

എ. സി. ജോർജ്

അമേരിക്കൻ മലയാളികളുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുള്ള ഒരു വ്യക്തിയാണ് അന്തരിച്ച ജോയൻ കുമരകം. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അദ്ദേഹം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

എൺപതുകളിൽ അമേരിക്കയിലെത്തിയശേഷം ഇവിടത്തെ മലയാളി പ്രസ്ഥാനങ്ങളിൽ ഒരു നിറസാന്നിധ്യമായിരുന്നു അദ്ദേഹം. ജോയൻ കുമരക ത്തിന്റെ നർമ്മത്തിൽ ചാലിച്ച കാര്യമാത്രപ്രസക്തമായ പ്രഭാഷണങ്ങൾ ആ കാലയളവിൽ വിവിധ മലയാള സദസ്സുകളിൽ അരങ്ങേറി. കേരളത്തിൽ ആയിരുന്നപ്പോഴും ഭാഷ സാഹിത്യരചനകളിൽ, പ്രസ്ഥാനങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു.

കാലിഫോർണിയിൽ ആയിരുന്നു അദ്ദേഹത്തിൻറെ അന്ത്യമെങ്കിലും ഏറെ ക്കാലം അദ്ദേഹം ജീവിച്ചത് ന്യൂയോർക്ക് ഭാഗത്താണ്. കേരളത്തിലും അമേരിക്ക യിലുമായി ഏഴു പതിറ്റാണ്ടിലേറെ മലയാള സാഹിത്യ രംഗത്ത് അതികായ കനായി നിലനിന്നിരുന്ന ജോയൻ എന്ന സാഹിത്യകാരൻ തന്റെ നിലപാടുകൾ ക്കൊപ്പം എന്നും തല ഉയർത്തി നിന്നിരുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്. മദ്യം അദ്ദേഹത്തെ കീഴടക്കിയപ്പോഴും അദ്ദേഹം മദ്യത്തെ കീഴടക്കിയപ്പോഴും അദ്ദേഹം എടുത്ത നിലപാടുകളിൽ മാറ്റമൊന്നുമുണ്ടായിരുന്നില്ല. തന്റെ കുടും ബജീവിതം തകർക്കാനിടയായ മദ്യപാനത്തെ പിന്നീടുണ്ടായ തിരിച്ചറിവിൽ ശിഷ്ടകാലം പശ്ചാത്താപത്തോടെ ജീവിച്ച് മദ്യമെന്ന വിപത്തിനെതിരെ ഒരുപാട് പ്രഭാഷണങ്ങൾ നടത്തുകയും മദ്യവർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്.

സമൂഹത്തിൽ എന്നും ഒറ്റയാനായി ജീവിച്ച് ഒറ്റയാനായി തന്നെ മരണം പുൽകിയ പ്രിയ സുഹൃത്ത് ജോയൻ സമൂഹത്തിൽ ഒരുപാട് നന്മയുടെ പ്രകാശം പകർന്നിട്ടുണ്ട്. ലളിതമായ ഭാഷയിലൂടെ നർമ്മത്തിൽ ചാലിച്ച രചനകൾ അദ്ദേഹത്തിന്റെ ഓർമ്മകൾ നില്ക്കുന്ന കാലത്തോളം മനുഷ്യ മനസുകളുടെ ചിന്താ തലങ്ങളിൽ എന്നും നിലനിൽക്കും. അദ്ദേഹത്തെ പറ്റിയുള്ള ജ്വലിക്കുന്ന ഓർമ്മകൾക്കു മുമ്പിൽ ജോയൻ കുമരകത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന് നിത്യശാന്തി നേരുന്നു. ❑

5

അധികാരമോഹവും വ്യവഹാരമാലയും

ഡോ. എം. കുര്യൻ തോമസ്

കാതോലിക്കേറ്റ്: മാർ ദീവന്നാസ്യോസിന്റെ മുടക്കിനു ശേഷം 1911 സെപ്റ്റംബർ 7-ന് കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ കൂട്ടു ട്രസ്റ്റിമാരായ കോനാട്ട് മാത്തൻ മല്പാൻ, അക്കര സി. ജെ. കുര്യൻ എന്നിവരെ തൽസ്ഥാനത്തു നിന്നും മാറ്റി പകരം പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാർ, ചിറക്കടവിൽ കോരുള കൊച്ചുകോരുള എന്നിവരെ തിരഞ്ഞെടുത്തു. അതിന് ഏതാനും ദിവസം മുമ്പ് ആലുവായിൽ പാത്രിയർക്കീസ് പക്ഷത്തെ ചില പള്ളിക്കാർ ചേർന്ന് കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസിനെ ബദൽ മലങ്കര മെത്രാനായി തിരഞ്ഞെടുത്തിരുന്നു.

ഇതേകാലത്ത് തുർക്കി സുൽത്താൻ അധികാരപത്രം പിൻവലിച്ചതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന നിലയിൽ പ്രവർത്തിക്കാൻ സാദ്ധ്യമല്ലാതെ മർദ്ദീനിലെ പാത്രിയർക്കാ ആസ്ഥാനത്ത് താമസിച്ചിരുന്ന മാർ ഇഗ്നാത്തിയോസ് അബ്ദൽമ്ശീഹാ ദ്വിതീയൻ കേരളത്തിൽ എത്തി. അദ്ദേഹം മലങ്കരയിലെ മെത്രാന്മാരുടെ സഹകരണത്തോടെ 1912 സെപ്റ്റംബർ 15-ന് കണ്ടനാടിന്റെ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ മാർ ബസേലിയോസ് എന്ന സ്ഥാനനാമത്തോടെ പൗരസ്ത്യ കാതോലിക്കാ ആയി വാഴിച്ചു. ഈ കാതോലിക്കായ്ക്ക് മേല്പട്ടസ്ഥാനം നൽകുവാനും മൂറോൻ കൂദാശ ചെയ്യുവാനും ഉള്ള അധികാരവും, അദ്ദേഹത്തിന്റെ പിൻഗാമികളെ തിരഞ്ഞെടുത്തു വാഴിക്കാൻ മലങ്കരസഭയ്ക്ക് അവകാശവും അന്ത്യോഖ്യാ പാത്രിയർക്കീസ് നൽകിയ അധികാരപത്രത്തിൽ പ്രദാനം ചെയ്തിരുന്നു. ചുരുക്കത്തിൽ, മാത്യൂസ് മാർ അത്താനാസ്യോസ് അടിയറവച്ച മലങ്കരയുടെ ആത്മീയ അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസ് സ്വമേധയാ മടക്കി നൽകി. അതോടെ അത് ലൗകീക അധികാരത്തിനായുള്ള ഒരു വിലപേശൽ ഉപാധി അല്ലാതായി.

വട്ടിപ്പണക്കേസ്: അന്ന് യഥാക്രമം *മെത്രാൻ കക്ഷി, ബാവാ കക്ഷി* എന്നറിയപ്പെട്ടിരുന്ന മാർ ദീവന്നാസ്യോസ് പക്ഷവും മാർ കൂറിലോസ് പക്ഷവും വട്ടിപ്പണ പലിശ അവകാശപ്പെട്ടു രംഗത്തെത്തി. ഇതിനെത്തുടർന്ന് ഇന്ത്യാ സ്റ്റേറ്റ് സെക്രട്ടറി പലിശത്തുക കെട്ടിവെച്ച് തിരുവനന്തപുരം ജില്ലാകോടതിയിൽ 1075-ൽ 28-ാം നമ്പറായി ഒരു ഇന്റർ പ്ലീഡർ സ്യൂട്ട് ഫയൽ ചെയ്തു. കോടതി സൗകര്യാർത്ഥം മാർ ദീവന്നാസ്യോസ്, കൂട്ടു ട്രസ്റ്റികളായ പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാർ, ചിറക്കടവിൽ കോരുള കൊച്ചുകോരുള എന്നിവരെ ഒന്നു മുതൽ മൂന്നുവരെ പ്രതികളും മാർ കൂറിലോസ്, കോനാട്ട് മാത്തൻ മല്പാൻ, അക്കര സി. ജെ. കുര്യൻ എന്നിവരെ നാലുമുതൽ ആറുവരെ പ്രതികളായും തിരിക്കുകയും മലങ്കരയെ സംബന്ധിച്ച് പ്രാതിനിധ്യമുള്ള ഒരു വ്യവഹാരമായി പരിഗണിച്ചും നടപടികൾ ആരംഭിച്ചു. കേസിനിടയിൽ മാർ കൂറിലോസ് കാലം ചെയ്തതിനാൽ ആ സ്ഥാനത്ത് 42-ാം പ്രതിയായി കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് കക്ഷിചേർന്നു.

മാർ ദീവന്നാസ്യോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് മുടക്കിയത് സാധുവാണോ? അബ്ദൽ മ്ശീഹാ പാത്രിയർക്കീസുവഴിയുള്ള സ്ഥാനം സാധുവാണോ? കാതോലിക്കേറ്റ് സ്ഥാപനം മൂലം മാർ ദീവന്നാസ്യോസും കൂട്ടരും സഭയ്ക്ക് ഇതരരായോ? നാലും അഞ്ചും പ്രതികളെ ട്രസ്റ്റി സ്ഥാനത്തുനിന്നും നീക്കി രണ്ടും മൂന്നും പ്രതികളെ തൽസ്ഥാനത്ത് നിയമിച്ചത് നിയമപരമാണോ? എന്നിങ്ങനെ *വട്ടിപ്പണക്കേസ്* എന്നറിയപ്പെടുന്ന ഈ കേസിലെ വാദമുഖങ്ങളെ സംഗ്രഹിക്കാം. ജില്ലാകോടതി വിധിയുടെ സാരാംശം താഴെ പറയുംപ്രകാരമാണ്.

> മലങ്കര മെത്രാപ്പോലീത്തായായി ഒന്നാംപ്രതി നിയമാനുസൃതം നിയമിക്കപ്പെട്ടിട്ടുള്ളതും അത് അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ആ നിലയ്ക്ക് അദ്ദേഹം അന്യായ വസ്തുക്കളുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായിത്തീർന്നിട്ടുണ്ട്. മലങ്കര യാക്കോബായ സഭയിന്മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് ആത്മീയ മേലന്വേഷണത്തിനു മാത്രം അവകാശമുള്ളതും, സഭയുടെ ആഭ്യന്തരഭരണകാര്യത്തിൽ ഇടപെടാൻ യാതൊരു അവകാശമില്ലാത്തതുമാകുന്നു. എന്നാൽ സഭാസ്വത്തു ക്കളുടെ അധികാരം നേടുന്നതിന് അബ്ദള്ളാ പാത്രിയർക്കീസ് ശ്രമിച്ചുവരികയായിരുന്നു. ഈ ആവശ്യത്തിലേയ്ക്ക് അദ്ദേഹം സഭയിലെ വൈദീകരിൽ നിന്നും, പള്ളിക്കാരിൽനിന്നും ഉടമ്പടികൾ വാങ്ങിപ്പോന്നു. പാത്രിയർക്കീസിന്റെ ഈ ലൗകീകാധികാരം അംഗീകരിച്ചു കൊടുക്കാൻ വിസമ്മതിച്ചതു മൂലമാണ് ഒന്നാം പ്രതിയെ അദ്ദേഹം മുടക്കിയത്.



സ്വാഭാവിക നീതി പൂർണ്ണമായും ലംഘിച്ച മുടക്ക് അസാധുവാക്കി 1919 സെപ്റ്റംബർ 15-ന് മാർ ദീവന്നാസ്യോസിന് പൂർണ്ണമായും അനുകൂലമായി തിരുവനന്തപുരം ജില്ലാകോടതി വിധി പ്രഖ്യാപിച്ചു. എന്നാൽ അപ്പീലിൽ തിരുവിതാംകൂർ ഹൈക്കോടതി ഈ വിധി പൂർണ്ണമായും അസ്ഥിരപ്പെടുത്തി. തുടർന്ന് മാർ ദീവന്നാസ്യോസ് നൽകിയ റിവ്യൂ ഹർജിയിൽ മുൻ ഹൈക്കോടതി വിധി തള്ളിയും, ജില്ലാക്കോടതി വിധി സ്ഥിരപ്പെടുത്തിയും 1928 മിഥുനം 19-ന് തിരുവിതാംകൂർ ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. ആ വിധിയെ 1958-ലെ സുപ്രീം കോടതി വിധി ഇപ്രകാരം സംഗ്രഹിക്കുന്നു.

> (1) ഗീവറുഗീസ് ദീവന്നാസ്യോസിന്റെ മുടക്ക്, തനിക്കെതിരായ കുറ്റമെന്തെന്ന് അദ്ദേഹത്തെ അറിയിക്കുകയോ, തന്റെ ന്യായം ബോധിപ്പിക്കുന്നതിനുള്ള ന്യായയുക്തമായ അവസരം അദ്ദേഹത്തിനു നൽകുകയോ ചെയ്യാതെ നടത്തിയതായിരുന്നതിനാൽ, അത് സ്വാഭാവിക നീതിയുടെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ളതായിരുന്നു. ആ നിലയ്ക്ക് മുടക്ക് അസാധുവായിരുന്നു.
>
> (2) മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതിനും, വിശുദ്ധ മൂറോൻ കൂദാശ ചെയ്യുന്നതിനും അതതുകാലത്തെ കാതോലിക്കായ്ക്ക് അധികാരം നൽകിക്കൊണ്ടും, അങ്ങനെ മലങ്കരയിന്മേൽ പാത്രിയർക്കീസിനുള്ള അധികാരം ശൂന്യാവസ്ഥയിലെത്തുവോളം ന്യൂനീകരിച്ചുകൊണ്ടും അബ്ദൽ മിശിഹാ സ്ഥാപിച്ചതായ കാതോലിക്കേറ്റിനെ അംഗീകരിച്ചതുമൂലം ഒന്നു മുതൽ മൂന്നു വരെ പ്രതികൾ വേദവിപരീതികളോ, സഭയ്ക്ക് ഇതരരോ ആയിത്തീർന്നിട്ടില്ലാത്തതും, അവർ ഒരു പുതിയ സഭ സ്ഥാപിച്ചിട്ടില്ലാത്തതുമാകുന്നു.

വട്ടിപ്പണക്കേസ് വിധിയിൽ സ്ഥാപിക്കപ്പെട്ട വസ്തുതകൾ:

1. മാർ ദീവന്നാസ്യോസിന്റെ മുടക്ക് സ്വാഭാവിക നീതിക്ക് വിരുദ്ധവും അതിനാൽ അസാധുവുമാണ്.

2. മുടക്കിനാസ്പദമായ ആരോപണങ്ങൾ നിലനിൽക്കത്തക്കവയല്ല.

3. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയ മേലന്വേഷണാധികാരമുണ്ടെങ്കിലും അത് ഏകപക്ഷീയമായി പ്രയോഗിക്കാനാവില്ല.

4. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ ലൗകീക അധികാരമില്ല. ഉൾഭരണത്തിൽ പ്രവേശിക്കാനുമാവില്ല.

5. മാർ അബ്ദൽ മ്ശീഹാ പാത്രിയർക്കീസിനെ സ്വീകരിച്ചതോ കാതോലിക്കേറ്റ് സ്ഥാപിച്ചതോ മാർ ദീവന്നാസ്യോസിനെയോ കൂട്ടാളികളെയോ സഭയ്ക്ക് ഇതരരാക്കുന്നില്ല.

6. മാർ ദീവന്നാസ്യോസ് ആറാമൻ നിയമാനുസൃത മലങ്കര മെത്രാപ്പോലീത്തായാണ്.

7. കോനാട്ട് മാത്തൻ മല്പാൻ, അക്കര സി. ജെ. കുര്യൻ എന്നിവരെ കൂട്ടുട്രസ്റ്റി സ്ഥാനത്തുനിന്നും നീക്കി പകരം പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാർ, ചിറക്കടവിൽ കോരുള കൊച്ചുകോരുള എന്നിവരെ തിരഞ്ഞെടുത്തത് സാധുവാണ്.

നിഴൽയുദ്ധം: ഈ വിധിമൂലം സ്ഥിതീകരിക്കപ്പെട്ട മലങ്കര മെത്രാൻ സ്ഥാനം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഉപയോഗിക്കാതിരിക്കാൻ വീണ്ടും ചില വ്യവഹാരങ്ങൾക്ക് കോപ്പുകൂട്ടിയെങ്കിലും ലക്ഷ്യം കണ്ടില്ല. ഈ വ്യവഹാര പരമ്പരകൾക്കിടയിൽ പല ചർച്ചകളും നടന്നു. 1923-ൽ മാർ ദീവന്നാസ്യോസ് ക്ലേശകരമായ യാത്ര നടത്തി മർദ്ദീനിലെത്തി പാത്രിയർക്കീസിനെ കണ്ട് ചർച്ച നടത്തിയെങ്കിലും പരാജയപ്പെട്ടു. ഒത്തുതീർപ്പ് എന്ന നിലയിൽ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട ഒരു പിൻഗാമിക്കായി താൻ മലങ്കര മെത്രാൻ സ്ഥാനം ഒഴിയാമെന്നുള്ള മാർ ദീവന്നാസ്യോസിന്റെ വാഗ്ദാനവും നിരസിക്കപ്പെട്ടു. കാതോലിക്കേറ്റ്, മാർ അബ്ദൽ മ്ശീഹാ വഴിയുള്ള പിന്തുടർച്ച എന്നിവ അംഗീകരിക്കില്ല എന്ന പാത്രിയർക്കീസിന്റെയും ആ പക്ഷത്തിന്റെയും പിടിവാശിയും ലൗകീകാധികാരം സ്ഥാപിക്കാനുള്ള ശ്രമവുമായിരുന്നു മുഖ്യമായും ചർച്ചകൾ പരാജയപ്പെടുത്തിയത്. തങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്താനുള്ള തുറുപ്പുചീട്ടായ കാതോലിക്കേറ്റ് ഒഴിവാക്കാൻ മലങ്കരയും തയാറായില്ല. പാത്രിയർക്കീസിന് മലങ്കരയുടെ ഉൾഭരണത്തിൽ കൈകടത്താനാവുംവിധം ഒരു മഫ്രിയാനായേയോ *എപ്പിത്രോപ്പാ* - കാര്യസ്ഥൻ മെത്രാൻ - നൽകാമെന്ന പാത്രിയർക്കീസിന്റെ വാഗ്ദാനം അതിലെ അപകടം മനസിലാക്കി മലങ്കരസഭ നിരസിച്ചു.

ഈ സംഭവവികാസങ്ങൾക്കിടയിൽ 1925-ൽ രണ്ടാം കാതോലിക്കായേയും 1929-ൽ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയനെ മൂന്നാം കാതോലിക്കാ ആയും മലങ്കരയിലുള്ള മെത്രാന്മാർ ചേർന്ന് വാഴിച്ചു. അവർ മേല്പട്ടക്കാരെ വാഴിക്കുകയും ചെയ്തു. 1932-ൽ മാർ ഗീവർഗീസ് ദ്വിതീയൻ മൂറോൻ കൂദാശ ചെയ്യുകകൂടി ചെയ്തപ്പോൾ പത്തൊമ്പതാം നൂറ്റാണ്ടിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭ അടിയറ വെച്ചതും മാർ അബ്ദൽ മ്ശീഹാ പാത്രിയർക്കീസ് മടക്കി നൽകിയതുമായ ആത്മീക അധികാരങ്ങൾ പൂർണ്ണമായും തിരിച്ച് മലങ്കരയിലെത്തി പ്രാബല്യത്തിലായി.

ഒന്നാം സമുദായക്കേസ്: 1934-ൽ പിൻഗാമിയെ തിരഞ്ഞെടുക്കുകയോ വാഴിക്കുകയോ ചെയ്യാതെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കാലം ചെയ്തു. തുടർന്ന് മാർ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ നോട്ടീസ് പ്രകാരം 1934 ഡിസംബർ 26-ന് കോട്ടയം എം. ഡി. സെമിനാരിയിൽ മലങ്കര അസോസിയേഷൻ കൂടി മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി മാർ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ തിരഞ്ഞെടുത്തു. അതേ യോഗം 1876-ലെ മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങൾക്ക് അനുസൃതമായി മലങ്കരസഭയ്ക്ക് ഒരു ഭരണഘടനയും പാസാക്കി.

മലങ്കര മെത്രാപ്പോലീത്തായ്ക്കു പകരം പൗരസ്ത്യ കാതോലിക്കാ അയച്ച നോട്ടീസ് കല്പനയ്ക്ക് എന്തെങ്കിലും ന്യൂനത ഉണ്ടെങ്കിൽ അതു പരിഹരിക്കണമെന്ന ഉദ്ദേശത്തോടെ അന്നു മലങ്കരയിൽ ഭരണമുണ്ടായിരുന്ന മൂന്ന് മെത്രാന്മാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും ഈ യോഗ നോട്ടീസിന് പിന്തുണക്കത്തുകൾ അസോസിയേഷൻ അംഗങ്ങൾക്ക് അയച്ചിരുന്നു.

അനുരഞ്ജനത്തിനും സമാധാനത്തിനുമുള്ള നീക്കം ഇത്രയും പുരോഗമിച്ച ശേഷം മുൻ പാത്രിയർക്കീസ് വിഭാഗം പരുമല അസോസിയേഷനിൽനിന്നും അപ്രതീക്ഷിതമായും നാടകീയമായും പിൻവാങ്ങി. തുടർന്ന് അവർ 2002-ൽ പുത്തൻ കുരിശിൽ ഒരു യോഗം ചേർന്ന് *യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ* എന്നൊരു പുതിയ സഭ സ്ഥാപിക്കുകയും അതിന് ഒരു ഭരണഘടന പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ അവർ മലങ്കര സഭയ്ക്ക് സ്വയം ഇതരരായി.

ഇതിനു ബദലായി 1935 ചിങ്ങം 6-ന് കരിങ്ങാശ്ര പള്ളിയിൽ പാത്രിയർക്കീസ് പക്ഷത്തെ കുറെ പള്ളിക്കാരുടെ ഒരു യോഗം ചേർന്ന് കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയും നിയമാനുസൃത കൂട്ടു ട്രസ്റ്റിമാരായ പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാരെയും എറികാട്ട് കൊച്ചെപ്പ് ജോസഫിനേയും തൽസ്ഥാനത്തുനിന്നും *നീക്കി* പകരം പൂക്കുന്നേൽ അവിരാ ജോസഫ് കത്തനാരേയും പുല്യാട്ട് തുകലൻ പൗലോ അവിരായേയും തിരഞ്ഞെടുത്തു.

ഇതിനെത്തുടർന്ന് 1938 കുംഭം 27-ന് കോട്ടയം ജില്ലാക്കോടതിയിൽ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ്, പൂക്കുന്നേൽ അവിരാ ജോസഫ് കത്തനാർ, പുല്യാട്ട് തുകലൻ പൗലോ അവിരാ എന്നിവർ വാദികളായി 1113-ൽ അസ്സൽ 111 എന്ന അന്യായം ഫയൽ ചെയ്തു. *ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്നു വിളിക്കുന്ന പുന്നൂസ് അവർകൾ,* മാണി പൗലൂസ് കത്തനാർ, എറികാട്ട് ഇ. ഐ. ജോസഫ് എന്നിവരായിരുന്നു പ്രതികൾ. വാദികളാണ് മലങ്കര സഭയുടെ യഥാർത്ഥ കൂട്ടു ട്രസ്റ്റികൾ എന്നും പ്രതികളുടെ കൈവശമിരിക്കുന്ന പൊതുസ്വത്തുക്കൾ തങ്ങളുടെ അധീനതയിൽ ആക്കി തരണമെന്നും, ഒന്നാം പ്രതി കാതോലിക്കാ/ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനെ ശാശ്വതമായി നിരോധിക്കണമെന്നും ആയിരുന്നു വാദികളുടെ മുഖ്യ ആവശ്യങ്ങൾ. 1934-ലെ കോട്ടയം എം. ഡി. സെമിനാരി അസോസിയേഷൻ സാധുവല്ല എന്നതായിരുന്നു അതിനു മുഖ്യ കാരണമായി പറഞ്ഞിരുന്നത്. മാർ അബ്ദൽ മ്ശീഹാ മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തുകയും പിൽക്കാലത്ത് അദ്ദേഹത്തിന്റെ സ്ഥാത്തിക്കോനിൽ അധിഷ്ഠിതമായി കാതോലിക്കാ സ്ഥാനത്ത് അവരോധി ക്കപ്പെടുകയും ചെയ്ത മാർ ഗീവർഗീസ് ദ്വിതീയനെ *പുന്നൂസ് അവർകൾ* എന്ന് സംബോധന ചെയ്തത് ആ കൈവഴിയിലുള്ള പട്ടത്വം സാധുവായി വാദികൾ അംഗീകരിക്കുന്നില്ല എന്നതിന്റെ വ്യക്തമായ സൂചന ആയിരുന്നു. വാദികളുടെ ആവശ്യങ്ങൾ സുപ്രീം കോടതി ഇപ്രകാരം സംഗ്രഹിച്ചിട്ടുണ്ട്.

> പ്രതികളും അവരുടെ കക്ഷികളും പുരാതന യാക്കോബായ സുറിയാനി സഭയിൽ നിന്നു സ്വയമേവ വേർപിരിഞ്ഞ്, 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ' എന്ന പേരിൽ അവർക്കായി ഒരു പുതിയ സഭ സ്ഥാപിച്ചു. ആ സഭയുടെ വിശ്വാസങ്ങളും വിശ്വാസപ്രമാണങ്ങളും പ്രകാരം, പ. പാത്രിയർക്കീസിന്റെ മാത്രം അധികാരങ്ങളിൽപെടുന്ന പ്രത്യേകാവകാശങ്ങളായ മൂറോൻ കൂദാശ ചെയ്യുക, മെത്രാപ്പോലീത്താമാരെ വാഴിക്കുക, സ്താത്തിക്കോൻ നൽകുക, മെത്രാപ്പോലീത്താമാർക്ക് ഇടവകകൾ വിഭജിച്ചു കൊടുക്കുക മുതലായ പ്രവൃത്തികൾ, ഒന്നാം പ്രതിക്കും മറ്റുള്ളവർക്കും പാത്രിയർക്കീസിന്റെ ഏതെങ്കിലും ആശ്രയം കൂടാതെ തന്നെ നിർവ്വഹിക്കാൻ കഴിയുന്നതാണ്. കൂടാതെ പ. പാത്രിയർക്കീസിനു ചൊല്ലേണ്ട റിശീസ്സാ മേല്പറഞ്ഞ സഭയുടെ കാതോലിക്കാ പദവിയിലിരിക്കുന്ന ആളിനു നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ പ. പാത്രിയർക്കീസിനോടു യാതൊരു ബന്ധവും കൂടാതെയും, അദ്ദേഹത്തെ നിരാകരിച്ചും നിഷേധിച്ചുംകൊണ്ടും, പ്രസ്തുത സഭയുടെ സ്ഥായിയായ ഭരണഘടനയ്ക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്ന ഈ പ്രവൃത്തി അവ്വണ്ണം വേദവിപരീതമാകുന്നതാണ്. പുരാതന യാക്കോബായ സുറി

യാനിസഭയുടെ അംഗത്വം അവകാശപ്പെടുന്നതിന് പ്രതികൾക്ക് അവകാശമില്ലാത്തതാകുന്നു. യാക്കോബായ സുറിയാനി സഭയുടെ ട്രസ്റ്റികളാകുന്നതിനോ, സഭയിൽ ഏതെങ്കിലും സ്ഥാനം വഹിക്കുന്നതിനോ, സഭയിൽ നിന്ന് എന്തെങ്കിലും പ്രയോജനം അനുഭവിക്കുന്നതിനോ, ഇക്കാരണങ്ങളാൽ കൂടിയും പ്രതികൾ അയോഗ്യരും അനർഹരുമായിത്തീർന്നിട്ടുണ്ട്.

ഈ കേസിൽ കോട്ടയം ജില്ലാ കോടതി അന്യായം തള്ളി പ്രതികൾക്ക് അനുകൂലമായി 1943 ജനുവരി 18-ന് വിധിച്ചു. പക്ഷേ തുടർന്ന് നൽകിയ അപ്പീലുകളിൽ തിരുവിതാംകൂർ ഹൈക്കോടതി, തിരു-കൊച്ചി ഹൈക്കോടതി, കേരളാ ഹൈക്കോടതി എന്നിവയുടെ വിധികൾ കാതോലിക്കാ - ഓർത്തഡോക്സ് - പക്ഷത്തിനു തികച്ചും വിപരീതമായിരുന്നു. ഇതിനിടയിൽ ഇന്ത്യ സ്വതന്ത്ര മാവുകയും. സുപ്രീംകോടതി നിലവിൽ വരികയും ചെയ്തിരുന്നു.

കേരളാ ഹൈക്കോടതിയുടെ വിധിക്കെതിരെ 1958 മാർച്ചിൽ സുപ്രീംകോടതിയിൽ 1958-ലെ സി.എ. 267-ാം നമ്പറായി കാതോലിക്കാ പക്ഷം അപ്പീൽ ഫയൽ ചെയ്തു. ഇക്കാലത്തിനിടയിൽ കടന്നുപോയ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ്, പൂക്കുന്നേൽ അവിരാ ജോസഫ് കത്തനാർ എന്നിവർക്കു പകരം ഏബ്രഹാം മാർ ക്ലിമ്മീസ്, കല്ലുപ്പറമ്പിൽ വി. എം. ഗീവർഗീസ് കത്തനാർ എന്നിവർ കക്ഷി ചേർന്നിരുന്നു. കേസ് കേട്ട കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് 1958 സെപ്റ്റംബർ 12-ന് അപ്പീൽ അനുവദിച്ച് വിധി പ്രഖ്യാപിച്ചു.

കേരള ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തുകയും, കേസ് തള്ളിക്കൊണ്ടുള്ള വിചാരണക്കോടതിയുടെ ഡിക്രി പുനഃസ്ഥാപിച്ചും പ്രതി - അപ്പീൽ വാദിക്ക്, വാദി - അപ്പീൽ പ്രതിയും, പുതിയതായി കക്ഷി ചേർക്കപ്പെട്ട അപ്പീൽ പ്രതികളും ചേർന്ന് ഈ അപ്പീലിന്റെ ചെലവുകളും, വാദി - അപ്പീൽപ്രതി - ഇതോടൊപ്പം ഇതരകോടതികളിലെ ചെലവുകളും നൽകേണ്ടതാണ് എന്നുമാണ് സുപ്രീം കോടതി വിധിച്ചത്. ഈ വിധി റിവ്യൂ ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് പാത്രിയർക്കീസ് പക്ഷത്തുനിന്ന് 1958 ഒക്ടോബർ 8-ന് ഒരു ഹർജി ഫയൽ ചെയ്തു. ഒക്ടോബർ 26, 27 തീയതികളിൽ വാദംകേട്ട സുപ്രീം കോടതി ഭരണഘടനാ ബഞ്ച് റിവ്യൂ ഹർജി തള്ളി. അതോടെ കോട്ടയം ജില്ലാ കോടതിയുടെ വിധിയും ഡിക്രിയും പ്രാബല്യത്തിൽ വന്നു.

1943-ലെ കോട്ടയം ജില്ലാ കോടതി വിധിയിൽ 1928-ലെ വട്ടിപ്പണക്കേസിൽ സ്ഥാപിക്കപ്പെട്ടവയും ഈ സമുദായക്കേസിൽ സംഗതമായതുമായ ഭാഗങ്ങൾ സംഗ്രഹിച്ചു ചേർത്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് നിയമാനുസൃത മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. മലങ്കര സുറിയാനിസഭ അദ്ദേഹത്തെ അപ്രകാരം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു. ആ നിലയ്ക്ക് അദ്ദേഹം സഭാസ്വത്തുക്കളുടെ ട്രസ്റ്റിമാരിൽ ഒരാളായിത്തീർന്നിരുന്നു.

2. സഭയുടെ ആത്മീയ ഭരണത്തിൽ പൊതുവായ മേൽനോട്ടം വഹിക്കുന്നതിനുള്ള അധികാരം മാത്രമേ പാത്രിയർക്കീസിന് ഉണ്ടായിരുന്നുള്ളൂ. എന്നാൽ മെത്രാപ്പോലീത്തായിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന സഭയുടെ ആത്മീയ കാര്യങ്ങളുടെ ആഭ്യന്തരഭരണത്തിൽ ഇടപെടുന്നതിന് പാത്രിയർക്കീസിന് അധികാരം ഇല്ലായിരുന്നു. മലങ്കര മഹാ ഇടവകയുടെ ലൗകികകാര്യങ്ങളിന്മേലോ, അവ സംബന്ധിച്ചോ പാത്രിയർക്കീസിന് ആധിപത്യമോ, അധികാരമോ, നിയന്ത്രണമോ, മേൽനോട്ടമോ, ബന്ധമോ ഇല്ലാത്തതുമാകുന്നു.

3. അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസ് 1085-ൽ മലങ്കര സന്ദർശിച്ചപ്പോൾ, മലങ്കര സുറിയാനി സഭയുടെ ലൗകികസ്വത്തുക്കളിന്മേൽ അധികാരം കൈവശമാക്കുന്നതിന് ഒരു ശ്രമം നടത്തി. എന്നാൽ സഭയുടെ ലൗകിക സ്വത്തുക്കളുടെ ഭരണത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങളും അവകാശവാദങ്ങളും നിയമവിരുദ്ധവും, മലങ്കരസഭയുടെയും സമുദായത്തിന്റെയും നന്മയ്ക്കും താല്പര്യങ്ങൾക്കും ഹാനികരവും ആയിരുന്നു.

4. ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസ് മുടക്കി. എന്നാൽ അത്തരത്തിലുള്ള മുടക്ക് മുളന്തുരുത്തി സുന്നഹദോസിൽ രൂപവൽക്കരിച്ച ഭരണഘടനയ്ക്ക് വിരുദ്ധവും, കാനോനികമായി അസാധുവും ആയിരുന്നു. എന്നിട്ടും അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ ആയി മലങ്കര സുറിയാനി ക്രിസ്ത്യാനി സമുദായത്തിലെ ബഹുഭൂരിപക്ഷവും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു.

തിരുവിതാംകൂർ റോയൽ കോടതിയിൽ തീർച്ച ചെയ്യപ്പെട്ട ഈ വസ്തുതകൾക്കു പുറമെ താഴെ പറയുന്ന ആരോപണങ്ങൾ കൂടി സമുദായക്കേസിൽ ഉന്നയിക്കപ്പെട്ടിരുന്നു. അവ സുപ്രീം കോടതി ഇപ്രകാരം സംഗ്രഹിക്കുന്നു.

1. പാത്രിയർക്കീസിന്റെ (മലങ്കരസഭമേലുള്ള) പരമാധികാരം എടുത്തുകളയുന്ന പുതിയ ഭരണഘടന (എ.എം. അക്കം) സ്വീകരിച്ചതുമൂലം പ്രതികൾ ഒരു പുതിയ സഭ സ്ഥാപിച്ചിരിക്കുന്നു.

2. ഭരണഘടനയിൽ (എ.എം. അക്കത്തിൽ) 5-ാം വകുപ്പ് തിരുകികയറ്റിയിരിക്കുന്നതുമൂലം പ്രതികൾ സഭയ്ക്ക് ബന്ധിതമായ ശരിയായ കാനോൻ എന്ന് തീരുമാനിക്കപ്പെട്ടിട്ടുള്ള ബി. പി. അക്കം (വട്ടിപ്പണക്കേസിൽ 18 അക്കം) നിഷേധിച്ചിരിക്കുന്നതിനാൽ സഭയ്ക്ക് പുറത്തുപോയിരിക്കുന്നു.

2-എ. തെറ്റായ ഒരു കാനോൻ 26 അക്കം (വട്ടിപ്പണക്കേസിൽ എ അക്കം) സ്വീകരിച്ചതിന്റെ ഫലമായി മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും പാത്രിയർക്കീസിനു മാത്രമായുള്ള പ്രത്യേകാവകാശം എടുത്തുകളഞ്ഞിരിക്കുകയാണ്. പ്രതികൾ ഒരു പുതിയ സഭ സ്ഥാപിച്ചുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

2-ബി. ശരിയായ കാനോൻ ലംഘിച്ചുകൊണ്ടുള്ളതായ പുതിയ ഭരണഘടന അംഗീകരിച്ചതുമൂലം റിശീസ്സാ എന്ന മേൽവരവിനുള്ള പ്രത്യേകാവകാശം പാത്രിയർക്കീസിനു നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

3. ട്രസ്റ്റു സ്വത്തുക്കൾ അതിന്റെ ഗുണഭോക്താക്കളായ മലങ്കര യാക്കോബായ സുറിയാനിസഭയിൽ നിന്ന് തികച്ചും ഒരു വ്യത്യസ്ത സ്ഥാപനമായ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു.

4. ഇൻഡ്യ, ബർമ്മാ, സിലോൺ, പൂർവ്വദേശത്തെ മറ്റു രാജ്യങ്ങൾ എന്നിവയുടെമേൽ അധികാരമുള്ള കിഴക്കിന്റെ കാതോലിക്കേറ്റിന്റെ മലങ്കരയിലെ പുനഃസ്ഥാപനം, വട്ടിപ്പണക്കേസിൽ വിഷയമായിരുന്ന കാതോലിക്കേറ്റിന്റെ സ്ഥാപനത്തിൽ നിന്നു വ്യത്യസ്തമാണ്. ഈ തർക്കങ്ങൾ വെവ്വേറെ ചർച്ച ചെയ്യേണ്ടത് ഇപ്പോൾ ആവശ്യമായിരിക്കുന്നു.

ഈ വാദങ്ങൾ തള്ളിയാണ് സുപ്രീം കോടതി അന്തിമവിധി പുറപ്പെടുവിച്ചത്. ഈ വിധിയിൽ സ്ഥാപിക്കപ്പെട്ട വസ്തുതകൾ ചുരുക്കത്തിൽ ഇപ്രകാരം സംഗ്രഹിക്കാം.

1. 1934 ഡിസംബർ 26-ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ സാധുവാണ്.

2. മാർ അബ്ദൽ മ്ശീഹാ പാത്രിയർക്കീസ് വഴിയുള്ള പട്ടത്വം സാധുവാണ്.

3. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനം സാധുവാണ്.

4. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം അസ്തമിക്കുന്ന ബിന്ദുവിലെത്തി.

5. 1934-ൽ പാസാക്കിയ മലങ്കരസഭാ ഭരണഘടന സാധുവാണ്.

6. മാർ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ മലങ്കര മെത്രാപ്പോലീത്താസ്ഥാനം സാധുവാണ്.

7. കാതോലിക്കേറ്റ് സ്ഥാപിച്ചതുകൊണ്ടോ, മാർ അബ്ദൽ മ്ശീഹാ പാത്രിയർക്കീസിനെ സ്വീകരിച്ചതുകൊണ്ടോ, സഭാ ഭരണഘടന പാസാക്കിയതു മൂലമോ കാതോലിക്കാ കക്ഷി സഭയ്ക്ക് ഇതരരാകുന്നില്ല.

ഇതിനെത്തുടർന്ന് ഇരുവിഭാഗവും തമ്മിൽ ചർച്ചകൾ നടത്തി. അതിന്റെ ഫലമായി 1958 ഡിസംബർ 16-ന് അന്ത്യോഖ്യാ പാത്രിയർക്കീസ് കാതോലിക്കായെ നിരുപാധികം സ്വീകരിച്ചു കൊണ്ടും, അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഭരണഘടനയ്ക്കു വിധേയമായി സ്വീകരിച്ചുകൊണ്ടും ഉള്ള സമാധാന കല്പനകൾ പരസ്പരം കൈമാറി.

സമാധാനത്തിനു ശേഷം: 1958-ലെ സമാധാനത്തിനു ശേഷം ഒരു വ്യാഴവട്ടക്കാലം ഉപരിപ്ലവമായെങ്കിലും എല്ലാം ശാന്തമായിരുന്നു. മുൻ പാത്രിയർക്കീസ് പക്ഷത്തെ നാല് മെത്രാന്മാരെയും മലങ്കരസഭ സ്വീകരിച്ച് അവർക്ക് ഭദ്രാസനങ്ങൾ നൽകി. മുൻ പാത്രിയർക്കീസ് പക്ഷത്തെ പള്ളികളിൽ സഭാ ഭരണഘടന നടപ്പാക്കി. 1964-ൽ മാർ ഔഗേൻ പ്രഥമൻ കാതോലിക്കായുടെ സ്ഥാനാരോഹണത്തിന് ഭരണഘടനപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിനെ ക്ഷണിക്കുകയും അദ്ദേഹത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ സിംഹാസനാരോഹണം നടത്തുകയും ചെയ്തു. മുൻ പാത്രിയർക്കീസ് പക്ഷക്കാരുടെ പൂർണ്ണ സഹകരണത്തോടെ സഭാ ഭരണഘടനയിൽ കാലോചിതമായ 40 ഭേദഗതികളും ഇക്കാലത്ത് നടത്തി.

പക്ഷേ ഇക്കാലത്തും അടിയൊഴുക്കുകൾ ശക്തമായിരുന്നു. തനിക്കില്ലാത്ത അധികാരങ്ങൾ സ്ഥാപിച്ചെടുക്കാൻ പാത്രിയർക്കീസ് ഒളിഞ്ഞും തെളിഞ്ഞും ശ്രമിച്ചുകൊണ്ടേയിരുന്നു. ഒരു കീഴ്സ്ഥാനിയായി മാത്രം കാതോലിക്കായെ കാണാനായിരുന്നു പാത്രിയർക്കീസിനു താത്പര്യം. ഇതിനായി പൗരസ്ത്യ കാതോലിക്കാ, *മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം* എന്ന് തലക്കെട്ട് ഉപയോഗിക്കരുത്, ചുവന്ന മഷിയിൽ മുദ്ര കുത്തരുത് എന്നിങ്ങനെയുള്ള പാത്രിയർക്കീസിന്റെ ബാലിശമായ ആവശ്യങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ മലങ്കര സഭ തള്ളി. ഇതിനിടയിൽ അറേബ്യൻ ഗൾഫിൽ വികസിക്കാൻ ആരംഭിച്ച മലയാളി ഇടവകകൾ പിടിച്ചെടുക്കാൻ പാത്രിയർക്കീസ് നടത്തിയ ശ്രമം അദ്ദേഹം അധികാര-ധന തൃഷ്ണകൾ കൈവിട്ടിട്ടില്ല എന്നു വ്യക്തമാക്കി. അന്ത്യോഖ്യാ പ്രതിനിധി - *തഹലുപ്പാ* - എന്ന പേരിൽ ഒരു പരദേശി മെത്രാനെ മലങ്കരയിലും എപ്പിസ്ക്കോപ്പൽ സുന്നഹദോസിലും പ്രതിഷ്ഠിക്കാൻ ഉള്ള ശ്രമവും വിഫലമായി. 1958-ലെ സമാധാനത്തിൽ ആദിമുതൽ അസംതൃപ്തരായിരുന്ന ഒരു ന്യൂനപക്ഷത്തെ നിർബാധം പാത്രിയർക്കീസ് പിന്തുണച്ചു വന്നു.

ഇതിനെല്ലാം മകുടം ചാർത്തിക്കൊണ്ട് മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടമില്ലാ എന്നു കാണിച്ച് 1970-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ കുപ്രസിദ്ധമായ 203-ാം നമ്പർ കല്പന പുറപ്പെടുവിച്ചു. ഇതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങൾ പരസ്പരമുള്ള മുടക്കിലാണ് കലാശിച്ചത്.

രണ്ടാം സമുദായക്കേസ്: ഇതിനെത്തുടർന്ന് അന്ത്യോഖ്യാ പാത്രിയർക്കീസ് 1973 മുതൽ നിയമവിരുദ്ധമായി മലങ്കരയിൽ മെത്രാന്മാരെ വാഴിച്ചുകൂട്ടുവാൻ തുടങ്ങി. അവരാകട്ടെ, യാതൊരു മാനദണ്ഡവും പാലിക്കാതെ അനേകം വൈദീകരേയും പട്ടംകെട്ടി. മുൻ പാത്രിയർക്കീസ് പക്ഷക്കാരനും നിലവിൽ മലങ്കരസഭയിലെ കണ്ടനാട് മെത്രാപ്പോലീത്തായുമായിരുന്ന പൗലൂസ് മാർ പീലക്സീനോസിനെ ബദൽ കാതോലിക്കാ ആയും വാഴിച്ചു.

ഇവരെല്ലാം ചേർന്ന് മലങ്കരയുടെ വടക്കൻ ഭദ്രാസനങ്ങൾ യുദ്ധക്കളമാക്കി. നവമെത്രാന്മാരുടെ നേതൃത്വത്തിൽ ഇടവകപ്പള്ളികളും പൊതുസ്ഥാപനങ്ങളും കായികബലം ഉപയോഗിച്ച് പിടിച്ചെടുക്കാനുള്ള ശ്രമം ആരംഭിച്ചു. അനേകം പള്ളികൾ പൂട്ടപ്പെട്ടു. അനേകം പള്ളികളിൽനിന്നും നിയമാനുസൃത വികാരിമാരെയും മലങ്കര സഭയിൽ ഉറച്ചുനിന്ന വിശ്വാസികളേയും ആട്ടിയിറക്കി പള്ളികൾ പിടിച്ചെടുത്തു. അവർക്കു കൂദാശകളും ശവസംസ്ക്കാരം പോലും നിഷേധിച്ചു.

ഇത്തരുണത്തിൽ മാർ ഔഗേൻ പ്രഥമൻ കാതോലിക്കാ ഒന്നാം വാദിയായും നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസ് രണ്ടാം വാദിയായും 1974 ജൂൺ 27-നു കോട്ടയം ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. അപ്പോഴേയ്ക്കും പാത്രിയർക്കീസ് വാഴിച്ചിരുന്ന അനധികൃത മെത്രാന്മാരായ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, ചെറുവള്ളിൽ തോമസ് മാർ ദീവന്നാസ്യോസ്, പെരുമ്പള്ളി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവരും മറ്റ് ചില വ്യക്തികളുമായിരുന്നു പ്രതികൾ. പ്രതികൾക്ക് മലങ്കര സഭയിലെ പള്ളികളിലും സ്ഥാപനങ്ങളിലും ശാശ്വത നിരോധനം ഏർപ്പെടുത്തണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. മാർ ഔഗേൻ പ്രഥമൻ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമനായി സ്ഥാനമേറ്റ രണ്ടാം വാദി ഒന്നാം വാദിയായി മാറി. അപ്പോഴേയ്ക്കും ഇതിനു പുറമേ വിവിധ പള്ളികളുടേതായി 200-ൽ അധികം കേസുകൾ വിവിധ കോടതികളിൽ എത്തിയിരുന്നു.

ഈ സാഹചര്യത്തിൽ ഈ കേസുകൾ എല്ലാം മലങ്കരയിലെ പള്ളിത്തർക്കങ്ങൾ കേൾക്കുന്നതിനുള്ള സ്പെഷ്യൽ കോടതിയായി എറണാകുളം ഒന്നാം അഡീഷണൽ ജില്ലാക്കോടതിയെ നിയമിച്ചു അവിടേയ്ക്കി മാറ്റി. ഈ കേസിനോടൊപ്പം മറ്റ് ഏഴ് കേസുകൾ കൂടി അവിടെ ഒരുമിച്ചു പരിഗണിച്ചു. ഇതിനിടയിൽ ഈ കേസുകൾ ഹൈക്കോടതി സിംഗിൾ ബഞ്ചിലേയ്ക്കു മാറ്റി. സിംഗിൾ ബഞ്ച് കാതോലിക്കാ പക്ഷത്തിനു തികച്ചും പ്രതികൂലമായ വിധി പ്രഖ്യാപിച്ചതിനെത്തുടർന്ന് മാർ മാത്യൂസ് പ്രഥമൻ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകി. ഡിവിഷൻ ബഞ്ച് വിധി കാതോലിക്കാ വിഭാഗത്തിന് പൊതുവേ അനുകൂലമായിരുന്നു.

ഈ വിധിക്കെതിരെ പാത്രിയർക്കീസ് വിഭാഗം സുപ്രീം കോടതിയിൽ അപ്പീൽ നൽകി. അസൽ കേസിലെ പ്രതികളായിരുന്നു അപ്പീൽ വാദികൾ. ജസ്റ്റീസുമാരായ ആർ. എം. സഹായി, ബി. പി. ജീവൻ റെഡ്ഡി, സുഹാസ് സി. സെൻ എന്നിവര ടങ്ങിയ ഫുൾ ബഞ്ച് സി.എ. 4958, സി.എ. 4959, സി.എ. 4960 കേസുകളിലെ അപ്പീലുകൾ പരിഗണിച്ച് 1995 ജൂൺ 20 വിധി പ്രഖ്യാപിച്ചു. ജസ്റ്റീസ് ആർ. എം. സഹായി ഒറ്റയ്ക്കും, ജസ്റ്റീസുമാരായ ബി. പി. ജീവൻ റെഡ്ഡി, സുഹാസ് സി. സെൻ എന്നിവർ സംയുക്തമായും ആണ് വിധിന്യായം എഴുതിയത്. കാതോലി ക്കേറ്റ്, 1934-ലെ ഭരണഘടന മുതലായവയുടെ സാധുതയേപ്പറ്റിയുള്ള ഓർത്തഡോക്സ് വിഭാഗത്തിന്റെ ആവശ്യങ്ങൾ ഈ വിധി ശരിവെച്ചു. ക്നാനായ, സിംഹാസന, പൗരസ്ത്യ സുവിശേഷ സമാജം പള്ളികൾ 1934 ഭരണഘടനയുടെ പരിധിയിൽ തൽക്കാലം വരില്ലായെന്നും കോടതി വ്യക്തമാക്കി. ഈ വിധിയിലെ ചില ഭാഗങ്ങൾക്ക് വ്യക്തത വരുത്തിക്കൊണ്ട് 1996 മാർച്ച് 25-ന് ഒരു തുടർവിധിയും ഫുൾബെഞ്ച് പുറപ്പെടുവിച്ചു.

അനുരഞ്ജനത്തിന്റെ വിധി എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ വിധിയിൽ സഭ ഒന്നായി പോകണമെന്ന ആഗ്രഹമാണ് പ്രകടിപ്പിക്കുന്നത്. ഇരു വിഭാഗവും ഒരുമിച്ചു മലങ്കര അസോസിയേഷനിൽ പങ്കെടുത്തതിന്റെ പിറ്റെ ദിവസമായ 1971 ജനുവരി 1-ലെ സ്ഥിതിയിലേയ്ക്കു മടങ്ങണമെന്നു കോടതി നിർദ്ദേശിച്ചു. മലങ്കര അസോസിയേഷനിലും ഭദ്രാസന പൊതുയോഗങ്ങളിലും ഇടവകപ്പള്ളികളുടെ പ്രാതിനിധ്യം ജനാധിപത്യപരമാകാൻ ഇടവകപ്പള്ളികളിൽ നിന്നുള്ള അവൈദിക പ്രതിനിധികളുടെ എണ്ണം 2 എന്ന സ്ഥിരസംഖ്യയിൽനിന്ന് ജനസംഖ്യയ്ക്ക് ആനുപാതികമാക്കി ഭേദപ്പെടുത്തി. അപ്രകാരം തിരഞ്ഞെടുപ്പ് നടത്തി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി രൂപീകരിച്ച് അവർ തീരുമാനം എടുക്കുന്നതുവരെ ഇരു വിഭാഗത്തിലേയും സ്ഥാനികൾക്ക് സ്റ്റാറ്റസ്കോ അനുവദിച്ചു. അതേ സമയംതന്നെ സഭാ ഭരണഘടനയുടെ സ്ഥാനത്തെപ്പറ്റി ശ്രദ്ധേയമായ ഒരു പരാമർശനവും 1997 മാർച്ച് 13-ന് പുറപ്പെടുവിച്ച ഡിക്രിയിൽ സുപ്രീം കോടതി നടത്തിയിട്ടുണ്ട്.

> ... ഈ സഭയിൽ എന്തെങ്കിലും പദവിയോ സ്ഥാനമോ ഉണ്ടെന്ന് അവകാശപ്പെടുന്ന എല്ലാ വ്യക്തികളും 34-ലെ സഭാ ഭരണഘടനയാൽ ബന്ധിതരും, ഭരണഘടനയോടു കൂറു പ്രഖ്യാപിച്ചവരും ആയിരിക്കേണ്ടവരും ആയിരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമാണ്...

ഇതനുസരിച്ച് മുൻ പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാർ 1934 ഭരണഘടനയോടുള്ള വിധേയത്വം കോടതിയിൽ സത്യവാങ്മൂലമായി നൽകി സ്ഥാനം താൽക്കാലികമായി നിലനിർത്തി. ഇതിനിടയിൽ അനുരഞ്ജനത്തിനുള്ള മാർഗ്ഗങ്ങൾ ഇരുകൂട്ടരും ആരായുന്നുണ്ടായിരുന്നു. ഇതേസമയംതന്നെ മുൻ പാത്രിയർക്കീസ് പക്ഷം വിധിനടത്തിപ്പുമായി ബന്ധപ്പെട്ട ഹർജി ഫയൽ ചെയ്തു. 1995-ലെ വിധിയിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിച്ചിട്ടില്ല എന്നൊരു വാദവും മുൻ പാത്രിയർക്കീസ് പക്ഷം ഉയർത്തി.

2002 പരുമല അസോസിയേഷൻ: ഇതിനെത്തുടർന്ന് സുപ്രീം കോടതി വിധിപ്രകാരം പുതുക്കിയ പ്രാതിനിധ്യ വ്യവസ്ഥയനുസരിച്ച് 2002 മാർച്ച് 20-ന് പരുമല സെമിനാരിയിൽ മലങ്കര അസോസിയേഷൻ കൂടി ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ മലങ്കര മെത്രാപ്പോലീത്താ

ആണോ എന്നത് ഭൂരിപക്ഷ അഭിപ്രായപ്രകാരം തീരുമാനിക്കാൻ സുപ്രീം കോടതി നിർദ്ദേശിച്ചു. അപ്രകാരം ഒരു നീക്കം നടത്താനുള്ള കോടതിയുടെ താത്പര്യം എന്തിനെന്ന് 28 – 11 – 2001–ലെ വിധിയിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

> ...മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയിൽപ്പെട്ടവരാണ് ഇരു കക്ഷികളും. പ്രത്യക്ഷത്തിൽ സഭയിൽ രണ്ടു വിഭാഗങ്ങൾ ഉണ്ട്. ഇവർക്കിടയിൽ ഐക്യവും രഞ്ജിപ്പും ഉണ്ടായി കാണാൻ ഈ കോടതി ശ്രമം നടത്തിയതുമാണ്...

യോഗത്തിലേയ്ക്ക് നിരീക്ഷകനായി റിട്ട. ചീഫ് ജസ്റ്റീസ് വി. എസ്. മളിമഠിനെയും സുപ്രീംകോടതി നിയോഗിച്ചു. ഇരു ഭാഗക്കാരും നിരീക്ഷകനുള്ള പടി കോടതിയിൽ കെട്ടിവെച്ചു. രണ്ടു കൂട്ടരും സമർപ്പിച്ച പട്ടികകളിൽനിന്ന് *1064 പള്ളികൾ* എന്നറിയപ്പെടുന്ന മലങ്കര അസോസിയേഷനിൽ പങ്കെടുക്കാൻ അർഹതയുള്ള പള്ളികളുടെ അന്തിമ ലിസ്റ്റ് നിരീക്ഷകൻ തയാറാക്കുകയും അവർക്ക് ക്രമപ്രകാരമുള്ള നോട്ടീസ് അയക്കുകയും ചെയ്തു.


അനുരഞ്ജനത്തിനും സമാധാനത്തിനുമുള്ള നീക്കം ഇത്രയും പുരോഗമിച്ച ശേഷം മുൻ പാത്രിയർക്കീസ് വിഭാഗം പരുമല അസോസിയേഷനിൽനിന്നും അപ്രതീക്ഷിതമായും നാടകീയമായും പിൻവാങ്ങി. തുടർന്ന് അവർ 2002–ൽ പുത്തൻ കുരിശിൽ ഒരു യോഗം ചേർന്ന് *യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ* എന്നൊരു പുതിയ സഭ സ്ഥാപിക്കുകയും അതിന് ഒരു ഭരണഘടന പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ അവർ മലങ്കര സഭയ്ക്ക് സ്വയം ഇതരരായി.

2002 മാർച്ച് 20–ന് പരുമല സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ മലങ്കര മെത്രാപ്പോലീത്താ ആണെന്നു വോട്ടിനിട്ട് തീരുമാനിച്ചു. ഈ യോഗത്തെപ്പറ്റിയുള്ള നിരീക്ഷകന്റെ റിപ്പോർട്ട് 2002 ജൂലൈ 12–ന് സുപ്രീംകോടതി അംഗീകരിക്കുകയും പുതിയ മാനേജിംഗ് കമ്മറ്റി നിലവിൽ വരികയും ചെയ്തതോടെ മുമ്പ് പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാന്മാർക്ക് അനുവദിച്ചിരുന്ന സ്റ്റാറ്റസ്കോ അതേ വിധിപ്രകാരംതന്നെ സ്വയം റദ്ദായി. 2002 അസോസിയേഷൻ അംഗീകരിച്ച ഭരണഘടന അംഗീകരിച്ചു മാതൃസഭയിലേയ്ക്കുവന്ന നാലു മെത്രാന്മാർക്കു മാത്രം മലങ്കരസഭയിൽ തുടരാമെന്ന സ്ഥിതി സംജാതമായി.

രണ്ടാം സമുദായക്കേസ് ഇങ്ങനെ അവസാനിച്ചു. പക്ഷേ മൂന്നാം സമുദായക്കേസിന്റെ കളം അവിടെ ഒരുങ്ങുകയായിരുന്നു.

(തുടരും)

ഓർമ്മചിത്രം



A very rare, informal picture!!!

Geevarghese Mar Dioscoros, Mathews Mar Ephiphanios, Mathews Mar Barnabas, Paulose Mar Milithios, Yacob Mar Polycarpose, Geevarghese Mar Ivanios, Philipose Mar Eusebios, Thomas Mar Athanasius, Zacharia Mar Dionysius and Sthephanos Mar Theodosius with HH Baselius Marthoma Mathews I Catholicos.

Photographed by Raghubir Singh for the book 'Kerala - The Spice Coast of India' published by Thames & Hudson, London in 1986, printed in Switzerland.

The caption given in the book "The Catholicos, Mar Baselios Mar Thoma I, the head of the Malankara Syrian Orthodox Church (seated), flanked by Metropolitans, awaits the arrival of Pope John Paul II to the Mar Elia Cathedral, Kottayam in February 1986."



എം.ജി സർവകലാശാലയിൽ നിന്ന് കെമിസ്ട്രിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിലെ അസിസ്റ്റന്റ് പ്രൊഫസർ മിഷ റ്റി. ഏലിയാസ്.

Degradation of Some Emerging Pollutants by Advanced Oxidation Process എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് നേടിയത്.

മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.




ഐക്കൺ ചാരിറ്റിയുടെ അങ്കമാലി ഭദ്രാസനത്തിലെ ഈ വർഷത്തെ അവാർഡ് വിതരണത്തിന്റെ ഉൽഘാടനം ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് യൂഹാനോൻ മോർ പോളികാർപോസ് നിർവ്വഹിക്കുന്നു. ഭദ്രാസന സെക്രട്ടറി ഫാ. എൽദോ ഏലിയാസ്, ഫാ. യാക്കോബ് തോമസ്, ഫാ. ജെറി തോമസ് ചാക്കോ എന്നിവർ സമീപം.

വചനതീർത്ഥം

അമ്മയുടെ യഥാർത്ഥ സ്നേഹം

(വലിയനോമ്പിലെ നാലാം ഞായറാഴ്ച, ക്നാനൈത്തോ ഞായർ/കനാന്യ സ്ത്രീ)

വി. മത്തായി 15: 21-31



ഫാ. വിനോദ് ജോർജ്

(മാനേജർ, വെട്ടിക്കൽ ദയറാ)

യേശുക്രിസ്തു പാലസ്തീനിനു പുറത്തേക്ക് രക്ഷണ്യപ്രവർത്തനം വ്യാപിപ്പിക്കുകയാണ്. സോർ-സീദോൻ പ്രദേശത്തിൽവച്ച് ഒരു സ്ത്രീ യേശുവിനെ കാണാൻ വന്നു. കനാന്യ സമൂഹത്തിൽ നിന്നാണ് സ്ത്രീ. അമ്മയാണവൾ. മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു. മകളുടെ രോഗസൗഖ്യം എന്ന അപേക്ഷയുമായിട്ടാണ് സ്ത്രീ യേശുവിനെ സമീപിക്കുന്നത്.

യഹൂദരും കനാന്യരും ബദ്ധശത്രുക്കളായിരുന്നു. ആജന്മ ശത്രുക്കൾ. മൃഗതുല്യരാണ് കനാന്യർ എന്നാണ് യഹൂദന്മാർ കരുതിയിരുന്നത്. അങ്ങനെയുള്ള കനാന്യസമൂഹത്തിൽ നിന്നും ഒരു സ്ത്രീ, യേശുവിന്റെ സമീപത്ത് എത്തിച്ചേർന്നു എന്നത് അതിശയകരമാണ് (വി. മത്തായി 15:21-31).

അമ്മയുടെ യഥാർത്ഥ സ്നേഹം

കനാന്യസ്ത്രീ യേശുവിന്റെ മുമ്പിൽഎത്തിച്ചേരാൻ എടുത്ത ത്യാഗം എത്രമാത്രമായിരിക്കും. അടിയും കല്ലേറും പഴിയും നിന്ദയും ദുഷിയും പരിഹാസവും ഏറ്റിരിക്കാം. പ്രയാസങ്ങളും കഷ്ടതയും സഹിച്ചിരിക്കാം. യേശുവിന്റെ ശിഷ്യന്മാരും ജനസമൂഹവും ഉണ്ട്. ആർത്തലയ്ക്കുന്ന ജനസഞ്ചയം ആണ്. എല്ലാം തന്റെ മകൾക്കുവേണ്ടിയായിരുന്നു.

ഒരു അമ്മയുടെ വികാരങ്ങൾ പൂർണ്ണമായി അറിയുന്ന ക്രിസ്തു, അവളെ പരിഗണിക്കുന്നു. യേശു അവളെ ആദ്യം മാറ്റിനിർത്തിയെങ്കിലും, ഒടുവിൽ യേശു അവളുടെ 'അമ്മ' എന്ന വികാരത്തെ അംഗീകരിക്കുന്നു. മകൾക്ക് സൗഖ്യം കൊടുക്കുന്നു. വി. മത്തായി 15:28 'സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ!

അമ്മയുടെ സ്നേഹം വിവരിക്കുവാൻ കഴിയാത്തതാണ്. യേശുവിന്റെ സ്നേഹവും അങ്ങനെതന്നെ. രണ്ട് സ്നേഹവും തമ്മിൽ ഒത്തുചേർന്നപ്പോൾ അതിശയം നടക്കുകയാണ്. കരുതുന്ന, മനസ്സലിവുള്ള, ത്യാഗനിർഭരമായ സ്നേഹമാണിത്. മകൾക്കുവേണ്ടി ജീവൻ പണയം വച്ച സ്നേഹം.

പ്രതീക്ഷകളിലൂടെ ലക്ഷ്യത്തിൽ എത്താം

ജീവിതം നിലനിൽക്കുന്നത് പ്രതീക്ഷകളിലാണ്. പ്രതീക്ഷകൾ എത്തിച്ചേരുന്നത് ലക്ഷ്യത്തിലാണ്. പ്രതീക്ഷകളില്ലാതെ ലക്ഷ്യമില്ല. ലക്ഷ്യമില്ലാതെ പ്രതീക്ഷകളുമില്ല. ലക്ഷ്യത്തിലെത്തിച്ചേരാൻ രണ്ടു ഘടകങ്ങൾ ആവശ്യമാണ്. ഒന്ന്, ധാരാളം കടമ്പകൾ കടന്നുവേണം യാത്രചെയ്യുവാൻ. തടസ്സങ്ങൾ, പ്രതിസന്ധികൾ, പ്രതിലോമശക്തികൾ തുടങ്ങിയവയെല്ലാം തരണം ചെയ്തുവേണം ലക്ഷ്യത്തിലെത്താൻ. കടമ്പകൾ നാം തന്നെ മനസ്സുകൊണ്ട് തീരുമാനിച്ച് മറികടക്കണം. രണ്ട്, സമൂഹത്തിന്റെ സഹായവും സഹകരണവും ആവശ്യമാണ്. യാത്രയിലുള്ള തടസ്സങ്ങളിൽ, സമൂഹത്തിന്റെ സഹായം ലഭിക്കുമ്പോൾ, അവയെല്ലാം തരണം ചെയ്യുവാനും ലക്ഷ്യത്തിലെത്തിച്ചേരാനും സാധിക്കുന്നു.

കനാന്യസ്ത്രീ, യേശുവിനെ കാണാൻ വരുമ്പോൾ, നിരവധി തടസ്സങ്ങൾ, അവൾക്ക് നേരിടേണ്ടിവന്നു. സ്ത്രീയുടെ ലക്ഷ്യം, മകളുടെ സൗഖ്യമാണ്. യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞിട്ടാണ് അവൾ ത്യാഗത്തോടും മനോധൈര്യത്തോടും കൂടി യേശുവിന്റെ സന്നിധിയിൽ എത്തിയത്. യേശുവിനെ നേരിൽ കണ്ട്, തന്റെ അപേക്ഷ സമർപ്പിച്ചാൽ, മകൾക്ക് സൗഖ്യം ലഭിക്കുമെന്നതാണ് സ്ത്രീയുടെ പ്രതീക്ഷ.

മകൾക്ക് സൗഖ്യം കിട്ടിയെന്ന് അറിഞ്ഞിട്ടു മാത്രമേ, അവൾ തിരിച്ചു പോകുകയുള്ളു. യേശുക്രിസ്തു അവളെ പല രീതിയിൽ ഒഴിവാക്കുവാൻ ശ്രമിച്ചു. പക്ഷേ അവളുടെ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള തടസ്സങ്ങൾ മറികടക്കാൻ അവൾ മനസ്സുകൊണ്ട് തീരുമാനിച്ച് ഉറപ്പിച്ചതാണ്.



ശിഷ്യന്മാർ, അവളുടെ ആവശ്യത്തോട് ചേർന്നു. സമൂഹത്തിന്റെ പ്രതിനിധികളാണ് ശിഷ്യന്മാർ. സ്ത്രീക്ക് ശിഷ്യന്മാരുടെ സഹായം ലഭിച്ചതിനാൽ, അവളുടെ ലക്ഷ്യം പൂർത്തിയാക്കുവാൻ സാധിച്ചു.

നമ്മുടെ ജീവിതത്തിൽ എന്തു ലക്ഷ്യവും നേടാൻ പ്രതീക്ഷകളുണ്ടാവണം. ആ യാത്രയിൽ ധാരാളം കടമ്പകൾ കടക്കണമെങ്കിൽ സ്വയം തീരുമാനിക്കണം. സമൂഹത്തിന്റെ പ്രാർത്ഥനയും സഹായവും കൂടി ആവശ്യമാണ്.

പ്രാർത്ഥന, യേശുവിനെ ബോധ്യപ്പെടുത്തണം

നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുവാൻ രണ്ടു ഘടകങ്ങൾ ആവശ്യമാണ്. ഒന്ന്, പ്രാർത്ഥന ആത്മാർത്ഥമാകണം. രണ്ട്, പ്രാർത്ഥന സമയപരിധി നിശ്ചയിച്ചാകരുത്. ഇവ രണ്ടും യേശുവിനെ ബോധ്യപ്പെടുത്തിവേണം മുന്നോട്ട് പോകുവാൻ.

കനാന്യസ്ത്രീ, യേശുക്രിസ്തുവിനെ ബോധ്യപ്പെടുത്തി പ്രാർത്ഥിക്കുകയായിരുന്നു. കലർപ്പില്ലാത്തതും മായമില്ലാത്തതുമായ പ്രാർത്ഥനയാണ് സ്ത്രീ നടത്തുന്നതെന്ന് യേശുക്രിസ്തുവിന് ബോധ്യപ്പെട്ടു. അവളെ ഒഴിവാക്കുവാൻ യേശുവും ശിഷ്യന്മാരും പലതവണ ശ്രമിച്ചു നോക്കി. യേശു, അവളെ പരീക്ഷിക്കുന്നതിന്റെ ഭാഗമായിട്ടു വേണം അതിനെ കാണുവാൻ. പക്ഷേ ലക്ഷ്യം കാണാതെ മടങ്ങിപ്പോകുവാൻ സ്ത്രീ തയ്യാറായില്ല. ആത്മാർത്ഥമായും സത്യസന്ധമായും വിശ്വസ്തമായുമാണ് സ്ത്രീ പ്രാർത്ഥിക്കുന്നത് എന്ന് യേശുവിനെ ബോധ്യപ്പെടുത്തിയതാണ് സ്ത്രീയുടെ വിജയത്തിന്റെ രഹസ്യം.

അതോടൊപ്പം കാലപരിധിയും സമയപരിധിയും നിശ്ചയിക്കാതെയുള്ള പ്രാർത്ഥന, യേശുവിന് ബോധ്യമുണ്ടാകുന്നതാണ്. യേശു, സ്ത്രീയുടെ അപേക്ഷയെ നിരസിക്കുകയും അവളെ ഒഴിവാക്കുകയും ചെയ്യുന്നു. സ്ത്രീ, യേശുവിനെ കണ്ട ഉടനെ, 'കർത്താവേ, ദാവീദുപുത്രാ എന്നോടു കരുണ തോന്നണമേ, എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; അവൻ അവളോടു ഒരു വാക്കും ഉത്തരം പറഞ്ഞില്ല' (വി. മത്തായി 15:22). ശിഷ്യന്മാരും അവളെ ഒഴിവാക്കുവാൻ ശ്രമിച്ചു. പക്ഷേ അവളുടെ ലക്ഷ്യത്തിൽ നിന്നു പിൻമാറാതെ യേശുവിനെ പിൻതുടർന്നുകൊണ്ടേയിരുന്നു. പ്രാർത്ഥനയും അപേക്ഷയും ആവർത്തിച്ചുകൊണ്ടിരുന്നു.

സമയപരിധിക്കുള്ളിൽ ഉത്തരം കിട്ടിയില്ല എന്നതുകൊണ്ട്, സ്ത്രീയുടെ അപേക്ഷ പിൻമാറ്റിയില്ല. പിൻമാറാതെ, യേശുവുമായി വാഗ്വാദത്തിൽ ഏർപ്പെട്ടു. അവളുടെ വിശ്വാസത്തെ പരീക്ഷിച്ചുകൊണ്ട് 'മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല' എന്നു യേശു അവളോടു പറഞ്ഞു. അതിനു അവൾ 'അതേ, കർത്താവേ! നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുങ്ങുകൾ തിന്നുന്നുണ്ടല്ലോ' എന്നു പറഞ്ഞു (15:26,27).

ദൈവത്തെ ബോധ്യപ്പെടുത്തുന്ന പ്രാർത്ഥന, ആത്മാർത്ഥതയുള്ളതും കാലപരിധി നിശ്ചയിക്കാത്തതുമായിരിക്കണം. കനാന്യസ്ത്രീ ഇത് രണ്ടും വെളിപ്പെടുത്തിയിട്ടാണ്, തന്റെ ആവശ്യം നേടിയെടുത്ത് അഭിമാനത്തോടും സന്തോഷത്തോടും മടങ്ങിപ്പോന്നത്.

ഇത്ര സമയത്തിനും കാലത്തിനും ഉള്ളിൽ കിട്ടണം എന്ന വ്യവസ്ഥയിലല്ല പ്രാർത്ഥിക്കേണ്ടത്. ലക്ഷ്യത്തിലെത്താൻ എത്രനാൾ പ്രാർത്ഥിക്കുവാനും തയ്യാറാകണം. വലിയനോമ്പ് ആചരിച്ചു കഴിയുമ്പോൾ നമ്മുടെ ആവശ്യങ്ങളും അപേക്ഷകളും കിട്ടിയിരിക്കണം എന്ന വ്യവസ്ഥയിലുള്ള പ്രാർത്ഥന യേശു അംഗീകരിക്കുകയില്ല. ഇത്രനാൾ നോമ്പും ഉപവാസവും കുമ്പിടീലും ദണ്ഡനമസ്കാരങ്ങളും നടത്തുന്നതുകൊണ്ട്, ആവശ്യപ്പെടുന്നത് നൽകിയേ തീരൂ എന്ന വാശിയും നിർബന്ധവും യേശുവിന് ബോധ്യപ്പെടുന്നതല്ല.

ആവശ്യപ്പെടാതെ ആത്മീയ സഹായം

മറ്റുള്ളവരുടെ ആവശ്യവും ആഗ്രഹവും സ്വയം മനസ്സിലാക്കി, അവരോട് സഹതാപം തോന്നി, അവരെ ദൈവതിരുമുമ്പാകെ സമർപ്പിച്ച് പ്രാർത്ഥിക്കുക എന്നത് വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയാണ്. ക്രിസ്തീയ ആത്മീയതയുടെ ശ്രദ്ധേയമായ ഘടകമാണ്, ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷ, ലിംഗ ഭേദമില്ലാതെ ആത്മീയ സഹായം നൽകുക.

കനാന്യസ്ത്രീ പുറജാതിക്കാരിയാണ്. സ്ത്രീയുടെ നിലവിളി കേട്ടിട്ടാണ് ശിഷ്യന്മാർ അവളുടെ മകളെ സൗഖ്യമാക്കുന്നതിന് ഇടപെട്ടത്. യേശുക്രിസ്തു അവളെ ഒഴിവാക്കിയപ്പോൾ, അവളുടെ ദയനീയ അവസ്ഥയും സങ്കടവും കണ്ടിട്ട്, അവൾ ആവശ്യപ്പെടാതെ, ശിഷ്യന്മാർ ഇടപെട്ടു. വി. മത്തായി 15:23 'അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടു വരുന്നു. അവളെ പറഞ്ഞയയ്ക്കണമേ' എന്നു ശിഷ്യന്മാർ യേശുവിനോട് പറയുന്നത്; അവളുടെ ആവശ്യം നിറവേറ്റി പറഞ്ഞയയ്ക്കേണമേ എന്ന അർത്ഥത്തിലാണ്.

അവളുടെ ലക്ഷ്യം കാണാതെ തിരിച്ചു പോകുകയില്ല എന്ന ഉത്തമ ബോധ്യത്തിൻരെ അടിസ്ഥാനത്തിലാണ് 'ഇവളെ പിരിച്ചയയ്ക്കണമേ' എന്ന് പറയുന്നത്. ക്രിസ്തീയതയുടെ നല്ല ഗുണമാണിത്. മറ്റുള്ളവരുടെ ആവശ്.വും ദുരിതവും അറിഞ്ഞ്, അവർ ആവശ്യപ്പെടാതെ, അവരെ ദൈവതിരുമുമ്പാകെ സമർപ്പിക്കുക.

പുസ്തകം



പ്രസംഗ മത്സരം

കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ കന്നേലവഴി ബാലസമാജത്തിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധ വലിയ നോമ്പിനോടനുബന്ധിച്ച് ഒരു പ്രസംഗ മത്സരം ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സൺഡേ സ്കൂൾ വിദ്യാർഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തിയാണ് മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നത്.

വിഷയം: നോമ്പ് കാലവും വ്യക്തിജീവിതവും.

നിയമാവലികൾ:- 1. പ്രായപരിധി ജൂനിയർ:-13 മുതൽ 17 വയസ്സു വരെ സീനിയർ:-18 മുതൽ 24 വയസ്സ് വരെ

2. രജിസ്ട്രേഷൻ ഫീസ് ഇല്ല.

3. പ്രസംഗം ഇംഗ്ലീഷിലോ മലയാളത്തിലോ ആയിരിക്കാം.

4. വീഡിയോകൾ ഏഴ് മിനിറ്റിൽ കൂടാനോ 5 മിനിറ്റിൽ കുറയാനോ പാടില്ല.

5. എഡിറ്റിംഗ് ചെയ്ത വീഡിയോകൾ സ്വീകരിക്കുന്നതല്ല.

6. ഓർത്തഡോക്സ് സഭാ വിശ്വാസികൾ ആയ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

7. വീഡിയോസ് വാട്സപ്പ് വഴിയോ ഇമെയിൽ വഴിയോ ഏപ്രിൽ 10 തീയതി വൈകിട്ട് 6 മണിക്ക് മുമ്പായി അയച്ചു തരേണ്ടതാണ്. 9048789573/kannelavazhysundayschool@gmail.com

8.ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്

9. എല്ലാ വീഡിയോയും കന്നേലവഴി ഫേസ്ബുക്ക് പേജിൽ അപ്‌ലോഡ് ചെയ്യുന്നതായിരിക്കും.




സത്യപ്രചാരണ യാത്ര

ആലുവാ: സത്യപ്രചാരണ യാത്ര ആലോചനയോഗം പോത്താനിക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ വികാരി ഫാ. കെ. കെ. മർക്കോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അങ്കമാലി-കണ്ടനാട് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റ ആഭിമുഖ്യത്തിൽ മുള്ളരിങ്ങാട് മുതൽ കരിമണ്ണൂർ വരെ മാർച്ച് 7-ന് യാത്രയ്ക്ക് വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകും.



ജോജി പി. തോമസ് കെ.സി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ

കേരളാ കൗൺസിൽ ഓഫ് ചർച്ച്സ് വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായി ജോജി പി. തോമസ് തെരഞ്ഞെടുക്കപ്പെട്ടു. കെ.സി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ, കറന്റ് അഫേഴ്സ് കമ്മീഷൻ ചെയർമാൻ, എക്സിക്യൂട്ടീവ് സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര ട്രഷററായി പ്രവർത്തിക്കുന്നു.



Faith unlocks the door

Fourth Sunday of Great Lent (Canaanite woman)

Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. Mark 7:24-37, Morning: St. Luke 7:1-10, Before Holy Qurbana: I Sam 7: 10-17, Num. 17: 1-8Is 56: 1-7, Ezk 34:1-16 Holy Qurbana: Acts 4:1-12 Rom 7: 14- 25

St. Matthew 15: 21-31

The incident of the Canaanite woman is often a stumbling block for some readers. One may wonder whether the conversation Jesus had with her can be truly attributed to him, as it seems to contradict his gentle nature.

a. Faith matters, not the race

He answered, "I was sent only to the lost sheep of the house of Israel." But she came and knelt before him, saying, "Lord, help me." He answered, "It is not fair to take the children's food and throw it to the dogs" (Mt 15:24- 26).

St. Matthew is believed to have focused on the Jewish or Jewish-Christian readers. The first half of the Gospel has more focus on the Jewish community barring a few exceptions- visit of the non- Jewish Magi (2:1-12), Centurion (8:5-12), and possibly the two demoniacs (8:28–34). The instructions given while sending out the Twelve to "Go nowhere among the Gentiles, and enter no town of the Samaritans, but go rather to the lost sheep of the house of Israel" (Mt 10:5- 6) also shows the focus on the Jewish community during the initial stages of Jesus public ministry. While explaining the parable of the weeds, Jesus tries to make the disciples and the Jews understand that his mission in not limited to be the Messiah of the Jews but his "field is the world" (Mt 13:38).

It can be said that Jesus was reflecting the views of the disciples and other Jews that the Messiah would be sent exclusively for 'the lost sheep of the house of Israel'. In other words, Jesus was holding a mirror to reflect the public opinion. This becomes clearer with the contrast in the attitude of the Jews and Gentiles to the ministry of Jesus. Even after witnessing many signs, the Jews still demanded for more signs while the gentiles represented by the Centurion and the Canaanite woman shows marvellous display of deep faith in Jesus. Jesus' apparent initial apathy shown to her can be viewed as a test of her faith, which she passed in flying colours by demonstrating steadfast faith in the "son of David'. The lesson that Jesus wanted to teach the disciples, and us, is that it is faith that matters, not one's place of birth or race. Through the incident disciples and Jews were taught that Jesus has "other sheep that do not belong to this fold" and it is His, as well as that of the Church, to 'bring them also to the same fold' (Jn 10:16).

b. Mother par excellence

The love of mother is often praised as the most compassionate expression of love. Mother's love is even used to compare the depth of God's love. "As a mother comforts her child, so I will comfort you; you shall be comforted in Jerusalem" (Is 66:13). " Can a woman forget her nursing child, or show no compassion for the child of her womb? (Is 49:15a). The Canaanite woman can be considered as a model mother. She is the personification of empathy. She knelt before Jesus and said, "Lord, help me" (Mt 15:25). She took the torment of her daughter as her own. The daughter was perhaps insensible of her own disease as the case is with such diseases. It was the mother who underwent much suffering on seeing the condition of her daughter. Hence she prays, 'have mercy on me'.

The Canaanite woman is not bothered about the reactions of others. She was not bothered with the rivalry that existed between Israel and the gentiles. To get her daughter cured, she sought the help of a Jew, Jesus son of David (Mt 15:22). As she knew Jesus is able to give her relief, she is determined to pursue him. The initial silence from Jesus did not deter her from her pursuit. The seemingly insulting references about her race also did not bother her; what mattered were her daughter's illness and the presence of the one who can cure her. The Canaanite is a representative of "many women whose demands were mocked or pushed aside, whose insistence on justice and equality meant others soured their lips".

We have witnessed many mothers similar to the Canaanite woman, in the present age also, though there may be few exceptions. The Gospel passage is indeed a glowing tribute to the self- giving love of mothers. It should prod the children and society in general to appreciate the struggles of all mothers, especially those of single- mothers.

c. The power of Intercession

The Gospel portion is one of the beautiful passages about intercession. "I urge that supplications, prayers, intercessions, and thanksgivings be made for everyone…" (1 Tim 2:1). Throughout the Bible we can see instances of intercessions being made. Abraham's intercession for Sodom and Gomorrah (Gen 18: 16-33) was a lengthy one where he interceded for the cities multiple times. Moses is seen interceding before God for the Israelites whenever they sinned. " But Moses implored the LORD his God…Turn from your fierce wrath; change your mind and do not bring disaster on your people… And the LORD changed his mind about the disaster that he planned to bring on his people" (Ex 32:11-14). It was Moses intercession that saved Israel from destruction in the wake of God's wrath. Moses also successfully interceded for his sister Miriam, who along with Aaron had rebelled against him.

The hallmarks of Canaanite woman's intercession were deep faith and perseverance. Even when her prayers where not answered she continued to plead. When she was apparently treated with contempt she persistently sought mercy. If our intercessions are not answered initially, its possible that God is checking the depth of our faith. Let us join the Canaanite woman to plead for mercy without any resentment or anger about the situation we are in.

Conclusion

Let us gratefully remember all mothers for their sacrificial love and the pain they undertake for the nurturing of their beloved ones. May the Lenten season help us to fulfil God's desire 'to gather together as a hen gathers her brood under her wings' (Lk 11:34b).

"To one who has faith, no explanation is necessary.

To one without Faith, no explanation is possible". (Thomas Aquinas) ❑



തോമസ് മാർ മക്കാറിയോസിന്റെ 13-ാം ഓർമ്മപ്പെരുന്നാൾ 2021 ഫെബ്രുവരി 28 ഞായറാഴ്ച ദേവലോകം അരമനയിൽ ആചരിച്ചു. വിശുദ്ധ കുർബ്ബാനയ്ക്ക് നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലിത്ത മുഖ്യകാർമികത്വം വഹിച്ചു.




മലങ്കരസഭയുടെ മുൻ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റിന്റെ ഭൗതികശരീരം മോർച്ചറിയിൽ വയ്ക്കും മുമ്പ് വൈദികരുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തുന്നു.



Malabar Diocese ICON excellence award distribution

The ICON excellence award was held on 5th March 2021 at Mount Hermon Aramana, Kozhikode. The event was presided and the scholarship distributed by Dr Mathews Mar Severios Metropolitan. Among the 53 students who were shortlisted, 49 along with their parents participated in the event. The students as well as their parents very well appreciated the contribution of the ICON Scholarship for the eligible candidates. They also have expressed their gratitude towards the entire team of the ICON Scholarship and was very happy with the same. A special word of appreciation was delivered by Severios Metropolitan for the venture, of all the good hearted who never wanted to reveal their identity, so that of the teaching of our Lord Jesus Christ. The ocation was blessed with the presence of Fr. Thomas Kurian Thazhayil (Diocesan secretary) & Fr Siby Thomas (Manager, Aramana).



ഫാ. സി. സി. ചെറിയാൻ രചിച്ച യേശുവിന്റെ ആത്മകഥ നാലാം വാല്യം കുന്നംകുളം ബഥനി ആശ്രമാദ്ധ്യക്ഷൻ ജോസഫ് റമ്പാൻ O.I.C., ബ്ലൂമിംഗ് ബഡ്സ് സ്കൂൾ പ്രിൻസിപ്പൽ ഫാ. ബഞ്ചി O.I.C. ക്ക് നൽകി പ്രകാശനം ചെയ്തു.

NAGPUR SEMINARY INVITING APPLICATIONS FOR NEW BATCH (2021-25)

The St. Thomas Orthodox Theological Seminary, Nagpur invites applications from candidates for the new batch 2021-25. Minimum secular education required is Graduation in any subject from a recognized university. For downloading the Application Form and for further details kindly visit the seminary website www.stots.in. The duly filled-in Application Form and the required documents should be received by post or online on or before April 10th 2021.

Application Fee: Rs. 500/-

Filled in applications shall be sent to:

EMAIL: principalofstots@gmail.com, stotspro@gmail.com

POSTAL ADDRESS: The Principal, St. Thomas Orthodox Theological Seminary, Ubali Road, Brahmani P.O. Kalmeshwar, Nagpur 441501 Maharashtra. Phone: 9544972724 (Principal) 8605869697 (STOTS Office) 8208263633 (STOTS PRO)

അഖില മലങ്കര വൈദിക സംഘം അനുശോചിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുൻ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റിന്റെ വേർപാടിൽ അഖില മലങ്കര വൈദിക സംഘം അനുശോചനം രേഖപ്പെടുത്തി.

അഖില മലങ്കര വൈദിക സംഘത്തിന്റെ പ്രവർത്തനങ്ങളിൽ നിർലോഭമായ സഹായസഹകരണങ്ങൾ നൽകിയിട്ടുള്ള മഹത് വ്യക്തിത്വമാണ് എം. ജി. ജോർജ്ജ് മുത്തുറ്റ്.

വൈദികരുടെ ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങളും അദ്ദേഹം വളരെ ശ്രദ്ധാപൂർവ്വം പരിഗണിക്കുകയും സാധ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നൽകുകയും ചെയ്തത് കൃതജ്ഞതയോടെ ഓർക്കുന്നു. മൂന്നു വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന വൈദിക സമ്മേളനം വിജയകരമാക്കാൻ അദ്ദേഹം നൽകിയ പിന്തുണ വാക്കുകൾക്ക് അതീതമാണ്. ഞങ്ങൾക്ക് ഏറെ പ്രിയപ്പെട്ട ജോയിച്ചായന് ആത്മാവിന് അഖില മലങ്കര വൈദിക സംഘം നിത്യ ശാന്തി നേരുന്നു.

– ഫാ. സജി അമയിൽ (സെക്രട്ടറി)



വട്ടക്കാവ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃതത്തിൽ നടത്തപ്പെടുന്ന 25-ാമത് വട്ടക്കാവ് വെള്ളപ്പാറ കൺവൻഷൻ ഉദ്ഘാടനം നടത്തപ്പെട്ടു.

വേദിയിൽ യാക്കോബ് റമ്പാൻ കോർഎപ്പിസ്കോപ്പ, ഇടവക വികാരി ഫാ. ജോൺ ഫിലിപ്പോസ്, ഭദ്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ബിജു തോമസ് പറന്തൽ, ഫാ ജേക്കബ് കച്ചില്ലേത്ത് തുടങ്ങിയവർ.



'മാർ ഗബ്രിയേൽ: ഒരു പുനർവായന' ചരിത്ര സെമിനാർ ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ.പി.എ. ഫിലിപ്, സിസ്റ്റർ ഡോ. ജിൻസി ഒത്തോട്ടിൽ, ചങ്ങനാശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ജേക്കബ് മാത്യു, ഡോ. പി.കെ. മൈക്കിൾ തരകൻ, ഡോ. കുര്യൻ തോമസ്, പള്ളിക്കോണം രാജീവ് എന്നിവർ സമീപം.

ചരിത്രപുനർവായന വേണം: മാർ ദിയസ്കോറസ്

കോട്ടയം ● തമസ്കരിക്കപ്പെട്ട യാഥാർഥ്യങ്ങളെ ചരിത്ര പുനരന്വേഷണങ്ങളിലൂടെ വിശകലനം ചെയ്യുന്നതു വരുംതലമുറയ്ക്ക് ഗുണകരമാകുമെന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്. പരിശുദ്ധ ദൈവമാതാവിന്റെ തിരുശേഷിപ്പ് തീർഥാടന കേന്ദ്രമായ കോട്ടയം ചെറിയപള്ളിയിലെ മദ്ബഹയിൽ കബറടക്കിയ മാർ ഗബ്രിയേലിന്റെ 291 ാം ചരമ വാർഷികത്തോടനുബന്ധിച്ചു 'മാർ ഗബ്രിയേൽ: ഒരു പുനർവായന' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോട്ടയം ചെറിയപള്ളി വികാരി ഫാ.പി.എ. ഫിലിപ് അധ്യക്ഷത വഹിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനുഗ്രഹ സന്ദേശം ഫാ.പി.എ.ഫിലിപ് വായിച്ചു. ചങ്ങനാശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ഫാ. യൂഹാനോൻ ബേബി, ട്രസ്റ്റി ജേക്കബ് മാത്യു എന്നിവർ പ്രസംഗിച്ചു. കേരള ചരിത്ര ഗവേഷണ കൗൺസിൽ ചെയർമാൻ ഡോ. പി.കെ. മൈക്കിൾ തരകൻ മോഡറേറ്ററായിരുന്നു. ഡോ. കുര്യൻ തോമസ് മേലേടത്ത്, സിസ്റ്റർ ഡോ. ജിൻസി ഒത്തോട്ടിൽ, പള്ളിക്കോണം രാജീവ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.



ന്യൂസിലണ്ടിലെ മാർ ഡയനീഷ്യസ് പള്ളിയിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ 87-ാം ഓർമ്മപ്പെരുന്നാളും ഇടവകയുടെ ആദ്യഫല പെരുന്നാളും സമുചിതമായി നടത്തപ്പെട്ടു.



ചെന്നൈ സെൻറ് തോമസ് മൗണ്ട് ദേവാലയം സുവർണ ജൂബിലി നിറവിൽ

ചെന്നൈ: പുഴുതിവാക്കം സെൻറ് തോമസ് മൗണ്ട് ദേവാലയം സുവർണ ജൂബിലി നിറവിൽ പരിലസിക്കുന്നു. ജൂബിലി ആഘോഷങ്ങൾ മാർച്ച് 5 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ ഭക്തിപൂർവ്വം നടത്തപ്പെടും. മാർച്ച് 5-ന് അഖണ്ഡപ്രാർത്ഥനയോടെ ശുശ്രൂഷകൾ ആരംഭിക്കും. തുടർന്നുള്ള ദിവസങ്ങളിൽ ധ്യാനം, കൊടിയേറ്റ്, ഇടവക ദിനം, കൺവൻഷൻ, വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന, ജൂബിലി ബ്ലോക്ക് ഉദ്ഘാടനം, ഇടവക ഡയറക്ടറി-സുവനീർ പ്രകാശനം, സ്നേഹ വിരുന്ന് എന്നിവ നടത്തപ്പെടും. ജൂബിലി ആഘോഷങ്ങൾക്ക് ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് എന്നിവർ മുഖ്യകാർമികത്വം വഹിക്കും. ചെന്നൈ പട്ടണത്തിലെ വൈദീകരും വിശ്വാസികളും ആഘോഷ പരിപാടികളിൽ പങ്കുചേരും.



ഫാ. ഫിലിപ്പ് കുന്നംപുറം നിര്യാതനായി

മലബാർ ഭദ്രാസനത്തിലെ സീനിയർ വൈദികൻ നിലമ്പൂർ വടപുറത് ഫാ. ഫിലിപ്പ് കുന്നംപുറം നിര്യാതനായി. ശവസംസ്കാരം മാർച്ച് 4-ന് ഡോ. മാത്യൂസ് മാർ സേവേറിയോസിന്റെ മുഖ്യകാർമികത്വത്തിൽ പത്തനംതിട്ട ജില്ലയിലെ കടമാംകുളം സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

ഭാര്യ: സൂസമ്മ ഫിലിപ്പ് (നിലമ്പൂർ മമ്പാട് ഗ്രാമ പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട്, വടപുറം മാർ ക്ലീമിസ് യു.പി. സ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ്) അയിരൂർ മേലേടത്ത് പുലിത്തിട്ട വടക്കേതിൽ കുടുംബാംഗം.

മകൻ: കെൻസ് ഫിലിപ്പ്. മരുമകൾ: സിമി (സുൽത്താൻ ബത്തേരി).